നം.കെ.എസ്.എ.പി.റ്റി.എ.പി6/716/19 തീയതി-06-09-2019

**പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 27.01.19 മുതൽ 25.07.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി.പി.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 26-07-2019 മുതൽ 07-08-2019 **വരെ** |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം** | ശ്രീ. അനിൽകുമാർ.സി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ഷൈജു.വൈ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അശ്വതി.വി.നായർ ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീ. മോഹൻരാജ് ജേക്കബ് | 1.4.2018 മുതൽ 31.3.2019 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. കുമാരസ്വാമി.എൻ | 01-04-2018 മുതൽ 03-01-2019 വരെ |
| ശ്രീമതി ശ്രീലത.എം.എസ് (അസിസ്റ്റന്റ് സെക്രട്ടറി),ഇൻചാർജ്ജ് | 04-01-2019 മുതൽ 14-01-2019 വരെ |
| ശ്രീ. സജീവ് കുമാർ.കെ.കെ | 15-01-2019 മുതൽ 31-03-2019 വരെ |

### മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| **കൃഷി ഓഫീസർ** | |
| ശ്രീ ശ്രീകുമാർ | 1.4.2018 മുതൽ 13.11.2018 വരെ |
| ശ്രീ ബെഞ്ചി ദാനിയേൽ | 14.11.2018 മുതൽ 11.03.2019 വരെ |
| ശ്രീ ശ്രീകുമാർ | 12.03.2019 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | |
| ഡോ ശ്രീരാജ് | 1.4.2018 മുതൽ 19.9.2018 വരെ |
| ഡോ മഹിമ | 20.09.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | |
| ഡോ ലിൻഡ എൽസി തോമസ് | 1.4.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)** | |
| ഡോ മോനിഷ.എം.എസ് | 1.4.2018 മുതൽ 02.1.2019 വരെ |
| ഡോ രമ്യ.എൻ.ആർ | 03.01.2019 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനീയർ** | |
| ശ്രീമതി ഉഷ.സി.കെ | 1.4.2018 മുതൽ 28.3.2019വരെ |
| ശ്രീ സജീവ് കുമാർ.കെ.കെ | 29.03.2019 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. അനു അജയൻ | 1.4.2018 മുതൽ 31.3.2019 വരെ |
| **വെറ്ററിനറി സർജൻ** | |
| ഡോ. മോഹൻ തോമസ് | 1.4.2018 മുതൽ 31.3.2019 വരെ |
| **ഐ.സി.ഡി.എസ് സൂപ്പർവൈസർ** | |
| ശ്രീമതി അഖില.എം | 1.4.2018 മുതൽ 12.07.2018 വരെ |
| ശ്രീമതി ധനലക്ഷ്മി.ജെ.എസ് | 13.07.2018 മുതൽ 05.8.2018 വരെ |

| | |
|---|---|
| ശ്രീമതി സന്ധ്യ.റ്റി | 6.08.2018 മുതൽ 31.3.2019 വരെ |
| **ഹെഡ് മാസ്റ്റർ** | |
| ശ്രീ ബിജുമോൻ.സി.കെ | 1.4.2018 മുതൽ 31.3.2019 വരെ |
| **ഡയറി ഫാം ഇൻസ്പെക്ടർ** | |
| ശ്രീ. മനോജ്.ബി | 1.4.2018 മുതൽ 31.3.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2018-19

**സൂചിക**


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | **ഭാഗം 1: പൊതു അവലോകനം** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയ്ക്ക് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| | **ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 12 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-1 |
| 13 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 2-2 |
| 14 | ഓൺലൈൻ വസ്തുനികുതി- പഞ്ചായത്തിന് തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു. | 2-3 |
| 15 | സഞ്ചയ-സാംഖ്യ സോഫ്റ്റ് വെയറുകളിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. | 2-4 |
| 16 | വാടക പിരിവ് സംബന്ധിച്ച അപാകതകൾ | 2-5 |
| 17 | പുതിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-6 |
| 18 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-7 |
| 19 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം | 2-8 |
| 20 | കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല- ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-9 |
| 21 | അനധികൃത കെട്ടിട നിർമ്മാണം – ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല | 2-10 |
| | **ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 22 | ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത ആസ്തിയിൽ പൊതു ശൗചാലയം നിർമ്മിച്ചത് ക്രമവിരുദ്ധം | 3-1 |
| 23 | വീട് വാസയോഗ്യമാക്കൽ - സബ്സിഡി അധികം നൽകി | 3-2 |
| 24 | ലൈഫ് ഭവനപദ്ധതി- നിർവ്വഹണത്തിൽ അപാകതകൾ | 3-3 |
| 25 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് - പദ്ധതി നടപ്പിലായില്ല | 3-4 |
| 26 | ബാലസൗഹൃദ അംഗനവാടി- തുക കൈമാറിയിട്ടും പണി പൂർത്തീകരിച്ചില്ല | 3-5 |
| 27 | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-6 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല | 3-7 |
| | | |

| | | |
|---|---|---|
| 29 | വക്കീൽ ഫീസിനത്തിൽ അധികമായി തുക നൽകി | 3-8 |
| 30 | ഗെയിം ഫെസ്റ്റിവൽ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 31 | വാഹന വാടക നൽകിയത് ക്രമപ്രകാരമല്ല | 3-10 |
| 32 | രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല | 3-11 |
| 33 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-12 |
| 34 | സ്മാർട്ട് ക്ലാസ്സ് റൂം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| 35 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-14 |
| 36 | മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 3-15 |
| 37 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-16 |
| 38 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ- കരാറുകാരുടെ ഒത്തുകളി മൂലം ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ടു | 3-17 |
| 39 | റീ ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല- വകയിരുത്തിയ ഫണ്ട് നഷ്ടം | 3-18 |
| 40 | സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 3-19 |
| 41 | എസ്.എസ്.എ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 3-20 |
| 42 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-21 |
| 43 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-22 |
| 44 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-23 |
| 45 | ആശ്രയ പദ്ധതി | 3-24 |
| | **ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 47 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 14.03.2018 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 23.03.2018 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 13.02.2019 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1 പ്രകാരം വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1(എ) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 14.03.2018-ലും ജനറൽ കമ്മിറ്റിയിൽ 23.03.2018-ലുമാണ് ബജറ്റ് പാസ്സാക്കിയിട്ടുള്ളത്. ഇത് പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ അന്ത:സത്തയ്ക്കു വിരുദ്ധമാണ്.

മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ച് ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 3009846 | 7415476 | (-)4405630 |
| വരവ് | 134994000 | 85129884 | (+)49864116 |
| | | | |

| | | | |
|---|---|---|---|
| ആകെ | 138003846 | 92545360 | (+)45458486 |
| ചെലവ് | 136105875 | 76325997 | (+)59779878 |
| | | | |
| നീക്കിയിരിപ്പ് | 1897971 | 16219363 | (-)14321392 |

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും സ്ഥാപനത്തിന് ലഭിക്കാൻ സാദ്ധ്യതയുള്ള വരവുകളും സ്ഥാപനത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ചെലവിനങ്ങളും കൃത്യമായി വിലയിരുത്തിയും യുക്തിസഹമായി ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 12.04.2019 |

# 1-3 വാർഷിക ധനകാര്യപത്രികയ്ക്ക് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യപത്രം (വിശേഷണങ്ങളോട്ടു കൂടിയത്) 09.07.2019 ലെ കെ.എസ്.എ.പി.റ്റി.എ.പി.1-602(33)/19 നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7415476 |
| വരവ് | 85129884 |
| ആകെ | 92545360 |
| ചെലവ് | 76325997 |
| നീക്കിയിരിപ്പ് | 16219363 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 17985500 | 17985500 | 16098510 | 1886990 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 3670000 | 3670000 | 3427344 | 242656 |
| വികസനഫണ്ട്-റ്റി.എസ്.പി. | 0 | 3783000 | 3783000 | 3780700 | 2300 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 8318000 | 8318000 | 7904084 | 413916 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് | 0 | 3719000 | 3719000 | 3130208 | 588792 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7584293 | 7584293 | 5797939 | 1786354 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 175192 | 0 | 175192 | 0 | 175192 |
| നാറാണംമൂഴി സർവീസ് സഹകരണ ബാങ്ക് (സാക്ഷരത) | 1855 | 143 | 1998 | 0 | 1988 |
| നാറാണംമൂഴി സർവീസ് സഹകരണ ബാങ്ക് (തനത്ഫണ്ട്) | 3148039 | | | | 2780935 |
| നാറാണംമൂഴി സർവീസ് സഹകരണ ബാങ്ക് | 11749 | 903 | 12652 | 0 | 12652 |
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, അത്തിക്കയം | 3247942 | 0 | 3247942 | 0 | 3247942 |
| ട്രഷറി എസ്.ടി.എസ്.ബി അക്കൗണ്ട് | 326191 | 21477601 | 21803792 | 17576689 | 4227103 |
| ട്രഷറി എസ്.ടി.എസ്.ബി അക്കൗണ്ട് (സംയുക്തപദ്ധതി) | 0 | 2314900 | 2314900 | 1314886 | 1000014 |
| സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്.എ.ജി.വൈ) | 36340 | 3701 | 40041 | 0 | 40041 |
| എസ്.ബി.ഐ (തൊഴിലുറപ്പ് പദ്ധതി) | 9095 | 1026372 | 1035467 | 1035467 | 0 |
| എസ്.ബി.ഐ | 355708 | 13794411 | 14150119 | 9471887 | 4678232 |

| (ഇ പേയ്മെന്റ്) | | | | | |
|---|---|---|---|---|---|

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 202 | 145 | 57 | 71.78 |

<u>പ്രോജക്ടുകളുടെ ചെലവ് - മേഖലാടിസ്ഥാനത്തിൽ</u>

| മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ആകെ തുക | |
| ഉല്പാദനം | 32 | 21305950 | 24 | 9186870 | 43.12% |
| സേവനം | 88 | 86454442 | 64 | 35884403 | 41.51% |
| പശ്ചാത്തലം | 82 | 25630098 | 57 | 14804978 | 57.76% |
| ആകെ | 202 | 133390490 | 145 | 59876251 | |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 18 | 10471348 | 2571306 | 24.56 |
| കൃഷി ഓഫീസർ | 11 | 8 | 13094000 | 4226000 | 32.27 |
| വെറ്റിനറി സർജൻ | 11 | 11 | 4907000 | 3052000 | 62.2 |
| വി.ഇ.ഒ. | 17 | 16 | 55963419 | 24302940 | 43.43 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 89 | 58 | 34943440 | 15957624 | 45.67 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 4875288 | 2959036 | 60.69 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1498000 | 1431650 | 95.57 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 4 | 850000 | 849958 | 100 |
| ഹെഡ് മാസ്റ്റർ | 13 | 9 | 2267745 | 1910659 | 84.25 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 1 | 1695000 | 1214900 | 71.68 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 14 | 10 | 2825250 | 1400178 | 49.56 |

| | | | | | |
|---|---|---|---|---|---|
| ആകെ | 202 | 145 | 133390490 | 59876251 | 44.89 |

**പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

1. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആവിഷ്ക്കരിച്ച 89 സ്പിൽ ഓവർ പ്രവൃത്തികളിൽ 62 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 4 പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ ആയതിനാൽ 58 പ്രവൃത്തികൾക്കായി 15957624/- രൂപ ചെലവഴിച്ചിട്ടുണ്ട്. 27പ്രവൃത്തികൾ നടപ്പാക്കാതിരുന്നത് മൂലം വകയിരുത്തിയ 18985816/- രൂപ ലാപ്സായി. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ അതേ വർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
2. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പെടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട് , എം.പി/ എം.എൽ.എ ഫണ്ട് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.
4. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നടത്തിപ്പിലെ സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടത് അനിവാര്യമാണ്. മരാമത്ത് പ്രവൃത്തിയുടെ ഫയലിൽ ഒന്നിലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളിൽ മോണിട്ടറിംഗ് ശക്തമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.
5. തെരുവ് വിളക്കുകളുടെ പരിപാലനത്തിനുള്ള പദ്ധതികളാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഊർജ്ജ മേഖലയിൽ ആവിഷ്ക്കരിച്ചിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല. മോണിട്ടറിംഗ് ശക്തമല്ലാത്തതിനാൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിലാക്കുന്നതിനുള്ള ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നത് മൂലം തനതുഫണ്ടിൽ നിന്നും ചെലവ് നഷ്ടം ഉണ്ടാകുന്നു.

# 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ | ചെലവഴിച്ച |
|---|---|---|

| | എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 776 | 3209000 |
| വാർദ്ധക്യകാല പെൻഷൻ | 2817 | 11765500 |
| വിധവാ പെൻഷൻ | 1516 | 6265000 |
| അവിവാഹിതരായ 50വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 25 | 108000 |
| വികലാംഗ പെൻഷൻ | 578 | 2440400 |
| തൊഴിൽ രഹിത വേതനം | 7 | 12720 |

# 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3978679 | 2296858 | -1681821 |
| നികുതിയേതര വരവുകൾ | 668290 | 667545 | -745 |
| മറ്റ് വരവുകൾ | 5919000 | 148282 | -5770718 |
| ആകെ | 10565969 | 3112685 | -7453284 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2019 തീയതിയിൽ 2.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 9628/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/05/2019 | 02/2019 മുതൽ 04/2019വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 1997-98 മുതൽ 2007-08 വരെ | 26-11-2018 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയതും നാളിതുവരെയും പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് തുകകൾ (B-15,I-1,RP-43) സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) ബി-2- ഷെഡ്യൂളിൽ അദർ ഇയർമാർക്ക്ഡ് സ്പെഷ്യൽ ഫണ്ട് എന്ന ഇനത്തിൽ 3680408 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. എന്നാൽ രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് 3071073 രൂപയാണ്.

3) ബി-17- ഷെഡ്യൂളിൽ SAGY അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പാസ്സ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

4) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ (നോൺ ബാങ്കിംഗ്), സാക്ഷരത (4075), ഇംപ്രസ്സ്ഡ് (5394) എന്നീ അക്കൗണ്ടുകളുടെ പാസ്സ് ബുക്ക്, റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5)തൊഴിൽനികുതി, വാടക എന്നിവയുടെ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുപരിശോധനയിൽ കണ്ട അപാകതകൾ

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളിലുള്ളതും സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്നതുമായ രസീതുകൾ റദ്ദ് ചെയ്ത സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ.ബുക്ക് നം.25778(42മുതൽ 100 വരെ), ബുക്ക് നം.25780(82മുതൽ 100 വരെ)). പല രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണം ചെയ്യുന്നത് ആർക്കാണെന്ന വിവരം ഇവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ.ബുക്ക് നം.25779,25780). നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ

ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന കടമുറികൾ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിൽ കൂടുതലായതിനാൽ എല്ലാ കടമുറികൾക്കും 60രൂപ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയത്.

<u>അടിസ്ഥാന വസ്തു നികുതി നിരക്ക് -</u>

(വാണിജ്യാവശ്യത്തിനുള്ളവ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ)

100 ച.മീ. വരെ വിസ്തീർണ്ണമുള്ളവ - 50 രൂപ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ളവ - 60 രൂപ

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗ ക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ നികുതി (ഇളവ്,മേഖല-20%വർദ്ധനവ് സഹിതം) (50രൂപ നിരക്കിൽ) | കെട്ടിടത്തിന് ഈടാക്കേണ്ട നികുതി (ഇളവ്, വർദ്ധനവ് സഹിതം) (60 രൂപ നിരക്കിൽ) | വരുമാന നഷ്ടം (രൂപ) |
|---|---|---|---|---|---|---|
| 1 | 11/466 A | ശ്രീമതി. സ്മിത.കെ.എസ് കൈതത്തടത്തിൽ വലിയകുളം | 20 | 1000-200 = 800 | 1200-240=960 | 160 |
| 2 | 11/466B | | 20 | 1000-200=800 | 1200-240=960 | 160 |
| 3 | 11/466C | | 129.1 | 6455-1936= 4519 | 7746-2324= 5422 | 903 |
| ആകെ | | | 169.1 | 6119 | 7342 | 1223 |

2. 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് അടിസ്ഥാന വസ്തുനികുതി 80 രൂപ നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തിന് 50 രൂപ (200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയുടെ നിരക്ക്) നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ നികുതി (ഇളവ്, വർദ്ധനവ് സഹിതം) (50രൂപ നിരക്കിൽ) | കെട്ടിടത്തിന് ഈടാക്കേണ്ട നികുതി (ഇളവ്, വർദ്ധനവ് സഹിതം) (80 രൂപ നിരക്കിൽ) | നഷ്ടം (രൂപ) |
|---|---|---|---|---|---|
| 8/211A വാണിജ്യം | കോശി.എം വള്ളിപ്പുരയിടത്തിൽ അത്തിക്കയം | 251.29 | 12565+1885= 14450 | 20103+3015= 23118 | 8668 |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.13തീയതി. 30.07.2019) അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പുനർനിർണ്ണയിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയും തുടർനിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

# 2-3 ഓൺലൈൻ വസ്തുനികുതി - പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, നാറാണംമൂഴി ശാഖയിൽ 37198083374 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 15549രൂപ ഈ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയാ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നുണ്ടെങ്കിലും ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 03.08.2018 | 1161 | 07.09.2018 |
| 16.11.2018 | 1282 | 27.11.2018 |
| 09.12.2018 | 4469 | 18.12.2018 |
| 22.02.2019 | 3456 | 08.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. ഗൗരവമായ ഈ പ്രശ്നം

പഞ്ചായത്തിന്റെയും ഡിഡിപിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ, സാംഖ്യ എന്നിവയിലെ ഡിമാന്റ്, കളക്ഷൻ തുകകളിൽ താഴെപ്പറയുന്ന വ്യത്യാസം ഉണ്ട്.

| | സഞ്ചയ | | സാംഖ്യ | | വ്യത്യാസം | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| Residential(Current) | 847476 | 636115 | 847344 | 656582 | 132 | -20467 |
| Non-Residential(Current) | 538732 | 421446 | 538732 | 390170 | 0 | 31276 |
| Residential(Arrear) | 502151 | 399900 | 309178 | 346709 | 192973 | 53191 |
| Non-Residential(Arrear) | 413329 | 192295 | 467350 | 152617 | -54021 | 39678 |

ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/05.08.2019) സഞ്ചയ പ്യൂരിഫിക്കേഷനിലെ അപാകത മൂലമാണ് ടി വ്യത്യാസം ഉണ്ടായിരിക്കുന്നതെന്നും ആയത് പരിഹരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-5 വാടക പിരിവ് സംബന്ധിച്ച അപാകതകൾ

**1.തൻവർഷവാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 25 കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. അതിൽ താഴെപ്പറയുന്ന വാടകക്കാർ 2018-19 വർഷം വാടക അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| കടമുറി നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | 2018-19 വർഷം വാടകയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| എസ്.ജി.എസ്.വൈ-6 | ശാന്തമ്മ വർഗ്ഗീസ് | 1237 | 14844 |
| ഓപ്പൺ സ്റ്റാൾ 1 | റെജി | 885 | 10620 |
| ഓപ്പൺ സ്റ്റാൾ 5 | പി.വി.വർഗ്ഗീസ് | 914 | 10968 |
| ഓപ്പൺ സ്റ്റാൾ 10 | അലിയാർ റാവുത്തർ | 805 | 9660 |

**2. മുൻവർഷ വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല**

എസ്.ജി.എസ്.വൈ-6-ാം നമ്പർ മുറിയിലെ വാടകക്കാരിയായ ശാന്തമ്മ വർഗ്ഗീസ് 2017-18 വർഷത്തെ വാടക തുകയായ 11988 രൂപ നാളിതുവരെ അടവാക്കിയിട്ടില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പരാമർശമുണ്ടായിരുന്നുവെങ്കിലും നാളിതുവരെ ടി തുക ഈടാക്കിയിട്ടില്ല.

ഓപ്പൺ സ്റ്റാളിലെ 10-ാം നമ്പർ കടമുറി ശ്രീ. അലിയാർ, ഓലിയ്ക്കൽ പതാലിൽ, നാറാണംമൂഴി, എന്നയാൾ വാടകയ്ക്ക് എടുത്തിരുന്നതാണ്. ഗ്രാമപ്പഞ്ചായത്ത് നിശ്ചയിച്ച വാടക സംബന്ധിച്ച് ടി വ്യക്തി ബഹു.കേരള ഹൈക്കോടതിയിൽ ഹർജി നല്കുകയും ഹൈക്കോടതി WP(C)1474/2011നമ്പറായി ഹർജി പരിഗണിച്ച് 25.01.2011-ൽ കേസിന്മേൽ അന്തിമവിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ പരാതി തീർപ്പ് കൽപ്പിക്കണമെന്ന് മേൽ ഉത്തരവിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

18.01.2017-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി ഈ വിവരം ചർച്ച ചെയ്യുകയും 2014-15 വരെയുള്ള കാലയളവിലേക്ക് 250രൂപ ക്രമത്തിലും 2014-15മുതലുള്ള കാലയളവിൽ 650രൂപ ക്രമത്തിലും പ്രതിമാസ വാടക നിശ്ചയിച്ച് ഈടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ടി വ്യക്തിയിൽ നിന്ന് വാടക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന വിവരം 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖ.2-4 ൽ പരാമർശിക്കുകയും ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നതാണ്. നിലവിലും ടി വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. 2018-19 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം 10-ാം നമ്പർ കടമുറി ശ്രീ. അലിയാർ, ഓലിയ്ക്കൽ പതാലിൽ, നാറാണംമൂഴി എന്ന വ്യക്തിയ്ക്ക് തന്നെ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളിലൂടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വിഷയത്തിൽ അധികൃതർ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3.ഫ്രണ്ട് ഓഫീസിനായി മാറ്റി വച്ച മുറി നിലവിലും ഒഴിഞ്ഞുകിടക്കുന്നു.**

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ മുറി 2017-18 മുതൽ ഒഴിഞ്ഞുകിടക്കുകയാണ്. രജിസ്റ്ററിൽ ടി മുറി 06.05.2017 ലെ IV(1) കമ്മറ്റി തീരുമാനപ്രകാരം ഫ്രണ്ട് ഓഫീസിനായി മാറ്റി വച്ചിരിക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 06.05.2017 ലെ ജനറൽ കമ്മറ്റി മിനിറ്റ്സിൽ ടി കടമുറി സംബന്ധിച്ച് ഇത്തരത്തിലുള്ള തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാനും 2016-17 വർഷം ടി കടമുറി എത്ര രൂപ മാസവാടകയ്ക്കാണ് നൽകിയിരുന്നത് എന്നത് സംബന്ധിച്ച വിവരം അറിയിക്കാനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/05.08.2019) നൽകിയ മറുപടിയിൽ സെക്രട്ടറി ടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷനുവേണ്ടി ഫ്രണ്ട് ഓഫീസ് താഴത്തെനിലയിൽ സജ്ജീകരിക്കുന്നതിനായാണ് ടി മുറി നിലവിൽ വാടകയ്ക്ക് നൽകാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. നാളിതുവരെ ടി മുറി വാടകയ്ക്ക് നൽകുകയോ ഫ്രണ്ട് ഓഫീസ് പ്രവർത്തനം അവിടേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. കടമുറി ഒഴിഞ്ഞ് കിടന്ന് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാൻ പഞ്ചായത്ത് അധികൃതരും ഭരണസമിതിയും അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-6 പുതിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ലൈസൻസ് ഫീ നിശ്ചയിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ,അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ വന്ന ടി ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ പുതുക്കിയ മാനദണ്ഡത്തിനനുസരിച്ച് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 കോൺട്രാക്ടർമാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ അംഗീകൃത കോൺട്രാക്ടർമാരായ, താഴെപ്പറയുന്ന വ്യക്തികളിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. ശ്രീ.എൻ.പി.ഗോപാലകൃഷ്ണൻ
2. ശ്രീ.പി.എ.ഫിലിപ്പ്
3. ശ്രീ.ജോസഫ് ഫിലിപ്പ്
4. ശ്രീ.വി.ബി.ബിനു
5. ശ്രീ.ടി ആർ സുനിൽ
6. ശ്രീ.ജാബു കുര്യൻ
7. ശ്രീ.മനോജ് ജോസഫ്
8. ശ്രീ.കെ.പി.ശശിധരൻ
9. ശ്രീ. ജി.സലിം
10. ശ്രീ. റോണി ജോസഫ്
11. ശ്രീ.ഷാജി.പി.കെ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽനികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഇവരിൽ നിന്നും നിയമാനുസൃതം തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-8 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത്

# പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ.(സാധാ)നമ്പർ.3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ അക്കൗണ്ട് തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2018-19 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | ജി.എസ്.ടി |
|---|---|---|---|
| 2015-16 | 2 | 8400 | 0 |
| 2016-17 | 4 | 26250 | 0 |
| 2017-18 | 3 | 11800 | 1418 |
| 2018-19 | 3 | 6160 | 739 |
| ആകെ | 12 | 52610 | 2157 |

2015-16 മുതൽ 18-19 വരെ ഒടുക്കിയിട്ടുള്ള മേൽ തുക നാളിതുവരെ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ തുകയും തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് ഒടുക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (09/26-07-19) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. മുൻ വർഷത്തെ റിപ്പോർട്ടിലും ഈ വിഷയം റിപ്പോർട്ട് ചെയ്തിരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 2-9 കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല – ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഈടാക്ക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക ബിൽ നം./ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | കൊച്ചുകുളം വേലതോട്ടം റോഡ് കോൺക്രീറ്റിംഗ് (131/18, 170/19)<br>കരാറുകാരൻ : മനോജ് ജോസഫ്<br>PAC തുക: 149910 | 22-09-17 | 16-10-17 | 15/18-19/<br>31-05-18<br>149910/- | 1499 |
| 2 | അറയ്ക്കമൺ ചുട്ടിപ്പാറ റോഡ് കോൺക്രീറ്റിംഗ്(73/18, 162/19)<br>കരാറുകാരൻ : മനോജ് ജോസഫ്<br>PAC തുക: 99833 | 22-09-17 | 16-10-17 | 14/18-19/<br>31-05-18<br>തുക 99833/- | 1000 |
| | ആകെ | | | | 2499/- |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/05-08-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം 2499/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-10 അനധികൃത കെട്ടിടനിർമ്മാണം- ഗ്രാമപഞ്ചായത്ത്

# നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ എതിർവശത്ത് പമ്പയാറിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള രണ്ട് ഇരു നില കെട്ടിടങ്ങൾക്ക് പെർമിറ്റ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) രവീന്ദ്ര ഹോട്ടലിന് ഇടതുവശത്തായി ഇരുനിലകളിലായാണ് ഒന്നാമത്തെ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ടി കെട്ടിട നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ചതാണ്. ഇരു നിലകളിലായുള്ള ടി കെട്ടിടത്തിന്റെ മുൻ ഭാഗം കൊമേഴ്സ്യൽ ആവശ്യത്തിന് ഉപയോഗിക്കാവുന്ന രീതിയിൽ ഷട്ടറിട്ട നിലയിലാണ്.



അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-25/05-08-2019)ലഭ്യമാക്കിയ മറുപടിയിൽ ടി നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയത് 11-07-2019-ൽ മാത്രമാണ്. ഇതിൽ നിന്നും നിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ചതിനു ശേഷം മാത്രമാണ് നോട്ടീസ് നൽകിയതെന്ന് വ്യക്തമാണ്. ടി കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ ഇല്ല. കെട്ടിടത്തിന്റെ പുറകുവശം പമ്പാനദിയാണ്.നദീതീരത്തോട് ചെർന്നുള്ള നിർമ്മാണമായതിനാൽ നദീ തീരത്ത് നിന്നുള്ള ദൂരപരിധി പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്.

2)ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ നേരെ എതിർവശത്ത് രവീന്ദ്ര ഹാർഡ് വെയേഴ്സ് എന്ന സ്ഥാപനത്തിന് മുകളിലും പുറകിലുമായാണ് രണ്ടാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നത്.




അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം-25/05-08-2019) നൽകിയതിന് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്ത് ടി കെട്ടിടത്തിനെതിരെ നോട്ടീസ് നൽകിയത്. പെർമിറ്റെടുക്കാതെ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുൻവശത്ത് ടി കെട്ടിടത്തിന്റെ നിർമ്മാണം നിർബാധം നടന്നുകൊണ്ടിരിക്കുകയാണ്. കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ ഇല്ല. ടി കെട്ടിടത്തിന്റെ പുറകുവശം പമ്പാനദിയാണ്. നദീതീരത്തോട് ചേർന്നുള്ള നിർമ്മാണമായതിനാൽ നദീ തീരത്ത് നിന്നുള്ള ദൂരപരിധി പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്.

പമ്പാ നദിയുടെ അരികിലുള്ള നിർമ്മാണങ്ങളായതിനാൽ ടി നിർമ്മാണങ്ങൾ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ട സ്ഥലത്താണോയെന്നും ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. അനധികൃതമായിട്ടുള്ള പ്രസ്തുത നിർമ്മാണങ്ങൾക്കെതിരെ നിയമപരമായ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ

ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത ആസ്തിയിൽ പൊതുശൗചാലയം നിർമ്മിച്ചത് ക്രമ വിരുദ്ധം

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നമ്പർ | പെരുന്തേനരുവി ടൂറിസ്റ്റ് കേന്ദ്രത്തിൽ പൊതു ശൗചാലയം(173/19) | പെരുന്തേനരുവി ടൂറിസ്റ്റ് കേന്ദ്രത്തിൽ പൊതു ശൗചാലയം - പ്ലംബിംഗ്, വൈദ്യുതീകരണ പ്രവൃത്തികൾ(239/19) |
| അടങ്കൽ തുക | 1500000: വി.ഫണ്ട്-420000<br>ശു.മി.ഫണ്ട്-1080000 | 154625 |
| കരാറുകാരൻ | V.B.വിനു | V.B.വിനു |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| എം.ബുക്ക് നം. | 74/18-19, 74(A)/18-19 | 121/18-19 |
| പ്രവൃത്തിമൂല്യം | 1490203 | 152648 |
| ബിൽ തുക, ബിൽ നം./ തീയതി | 420000, 25/18-19/19-03-19 | 152648 54/18-19/19-03-19 |
| ബിൽ തുക, ചെക്ക് നം./ തീയതി | 1070203, 16030/20-02-19 | - |

ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയില്ലാത്ത സ്ഥലത്ത് വികസന ഫണ്ടും ശുചിത്വമിഷൻ ഗ്രാന്റും ഉപയോഗിച്ച് പൊതു ശൗചാലയം പോലെയുള്ള ആസ്തി നിർമ്മാണ പ്രവൃത്തി നടപ്പാക്കിയത് ക്രമവിരുദ്ധം

പെരുന്തേനരുവി ടൂറിസ്റ്റ് കേന്ദ്രത്തിൽ പൊതു ശൗചാലയം നിർമ്മിക്കുന്നതിനും ആയതിന്റെ പ്ലംബിംഗ്, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നതിനുമായി അസിസ്റ്റന്റ് എഞ്ചിനീയർ



നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ടി പ്രവൃത്തികളിലായി 1642851 രൂപ ചെലവഴിച്ചിട്ടുണ്ട്. പെരുന്തേനരുവി ജലവൈദ്യുത പദ്ധതിക്കായി കെ.എസ്.ഇ.ബി യ്ക്ക് വനംവകുപ്പ് കൈമാറിയിട്ടുള്ള സ്ഥലത്ത് നിർമ്മിക്കുന്നതിനാണ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നത്. കേരള സംസ്ഥാന വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10-08-2011 ലെ 4-KLC207/2006-BAN/9489 ാം നം. കത്ത് പ്രകാരം വന ഭൂമിയുടെ 6.4795 ഹെക്ടർ സ്ഥലം 20 വർഷത്തേക്ക് കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയിട്ടുള്ള കത്തിന്റെ ഒരു പകർപ്പ് മാത്രമാണ് ഫയലിലുള്ളത്. പ്രസ്തുത സ്ഥലത്ത് ശൗചാലയം നിർമ്മിക്കുന്നതിന് വനം വകുപ്പ് / കെ.എസ്.ഇ.ബി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകിയതായി കാണുന്നില്ല. കെ.എസ്. ഇ.ബി ആദ്യം നിർദ്ദേശിച്ച സ്ഥലം മണ്ണ് ഫില്ലിംഗ് നടത്തിയിട്ടുള്ള ഭാഗം ആയതിനാൽ പ്ലാനും എസ്റ്റിമേറ്റും റിവൈസ് ചെയ്ത് മറ്റൊരു ഭാഗത്താണ് ശൗചാലയം പണിതിട്ടുള്ളത്. നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തി കെ.എസ്.ഇ.ബി യ്ക്ക് കൈമാറിയിട്ടുള്ളതാണെന്നാണ് അറിയാൻ കഴിഞ്ഞത്. ആയതിന്റെ നിജസ്ഥിതി സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണവും പ്ലംബിംഗ് വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി എൽ.എസ്.ജി.ഡി ഡിവിഷൻ എക്സി.എഞ്ചിനിയറോട് അപേക്ഷിച്ചിട്ടുള്ളതായി ഫയലിൽ കണുന്നു. ടോയ് ലറ്റിലേക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത ആസ്തിയിൽ പൊതു ശൗചാലയം നിർമ്മിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/07-08-19) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താൻ വ്യവസ്ഥയില്ല. ആയതിനാൽ ക്രമ വിരുദ്ധമായി ചെലവഴിച്ച 1642851/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 3-2 വീട് വാസയോഗ്യമാക്കൽ-സബ്സിഡി അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം./പേര് | 19/19 , വീട് വാസയോഗ്യമാക്കൽ |
| അടങ്കൽ | 1000000 (വികസനഫണ്ട്) |
| ചെലവ് | 975000 |

വി.ഇ.ഒ നടപ്പിലാക്കിയ 'വീട് വാസയോഗ്യമാക്കൽ' പദ്ധതിപ്രകാരം 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 50000/- രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ശ്രീമതി.ഉഷ ശശി, മുളയോലിൽ, ചൊള്ളനാവയൽ (വാർഡ്-10) (അക്കൗണ്ട് നം.67353339806, എസ്.ബി.ഐ) എന്ന ഗുണഭോക്താവിന് 3 ബില്ലുകളിൽ നിന്നായി 75000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | ബിൽ തുക | അനുവദിച്ച തുക |
|---|---|---|
| 31/18-19/ 03.09.2018 | 150000 | 25000 |

| | | |
|---|---|---|
| 35/18-19/ 22.09.2018 | 175000 | 25000 |
| 37/18-19/ 08.10.2018 | 225000 | 25000 |
| ആകെ | | 75000 |

ടി വ്യക്തിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ ടി തുകകൾ അക്കൗണ്ടിൽ വരവ് വന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ശ്രീമതി.ഉഷ ശശിയ്ക്ക് 25000 രൂപ അധികമായാണ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-32/06-08-2019) വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന് അധികമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അധികമായി ചെലവിട്ട 25000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-3 ലൈഫ് ഭവനപദ്ധതി - നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ലൈഫ് ഭവന പദ്ധതി (ജനറൽ)<br>12/19 |
| വകയിരുത്തിയ തുക | 3400000- വികസന ഫണ്ട്<br>2735528- ബ്ലോക്ക് വിഹിതം<br>3513670- ജില്ലാ പഞ്ചായത്ത് വിഹിതം<br>28751241- വായ്പ<br>ആകെ- 38400439 |
| ചെലവഴിച്ച തുക | 3400000- വികസന ഫണ്ട്<br>2735528- ബ്ലോക്ക് വിഹിതം<br>3504472- ജില്ലാ പഞ്ചായത്ത് വിഹിതം<br>8927460- വായ്പ<br>ആകെ- 18567460 |
| ബിൽ /ചെക്ക് നമ്പരും തീയതിയും | <u>വികസന ഫണ്ട്</u><br>ബിൽ നം-9 /28-06-2018- 1040000<br>ബിൽ നം-13/28-06-2018-80000<br>ബിൽ നം-15/04-07-2018- 520000<br>ബിൽ നം-16/18-07-2018-80000<br>ബിൽ നം-18/20-07-2018-1300000<br>ബിൽ നം-21/02-08-2018-380000<br><u>ബ്ലോക്ക് &ജില്ലാ പഞ്ചായത്ത്</u><br>ചെക്ക് നം-1208323/30-08-2018- 2280000<br>ചെക്ക് നം-1208324/05-09-2018- 600000<br>ചെക്ക് നം-1208325/14-09-2018- 1200000<br>ചെക്ക് നം-1208326/25-09-2018- 560000<br>ചെക്ക് നം-1208327/30-10-2018- 1000000 |

| | |
|---|---|
| | ചെക്ക് നം-1208329/03-12-2018- 600000<br>വായ്പ<br>ചെക്ക് നം-328602/05-01-2019- 6000000<br>ചെക്ക് നം-328603/10-01-2019- 1497460<br>ചെക്ക് നം-328605/29-03-2019- 1430000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2018-19 സാമ്പത്തിക വർഷം പൊതുവിഭാഗത്തിൽ ആകെയുള്ള 96 ഗുണഭോക്താക്കളിൽ 65 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചത്. ഇതിൽ 42 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണം പൂർത്തീകരിച്ചത്. വികസന ഫണ്ട് ബിൽ മുഖേനയും ബ്ലോക്ക് & ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റാന്നി പെരുനാട് സബ്ബ് ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന വി.ഇ.ഒ യുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-799011400004728) ക്രഡിറ്റ് ചെയ്യുകയും അവിടെ നിന്ന് ചെക്ക് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. വായ്പാ ഇനത്തിൽ ലഭിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ അത്തിക്കയം എസ്.ബി.ഐ- യിലുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ടി പദ്ധതിയുടെ നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1) <u>ഗുണഭോക്താക്കൾക്ക് അധികമായി തുക നൽകി</u>**

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം-34/16/ത.സ്വ.ഭ.വ തീയതി 16-03-2018)പ്രകാരം ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 400000 രൂപയാണ്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് 400000 രൂപയിൽ കൂടുതൽ തുക സബ്സിഡിയായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അക്കൗണ്ട് നം | തുക നൽകിയതിന്റെ വിശദാംശങ്ങൾ | ആകെ തുക |
|---|---|---|---|---|
| | | | ചെലവിന്റെ വിവരങ്ങൾ | |
| 1 | ദേവമ്മ<br>താന്നിമൂട്ടിൽ<br>അടിച്ചിപ്പുഴ | 32456989257 | 40000- ചെക്ക് നം-328603/10-01-2018<br>120000- ചെക്ക് നം-1208326/25-09-2018<br>100000- ചെക്ക് നം-1208325/14-09-2018 | 440000 |

| | | | | |
|---|---|---|---|---|
| | | | 40000- ബിൽ നം-9/28-06-2018<br>20000- നം-/05-07-19<br>120000- ചെക്ക് നം-328602/05-01-2019 | |
| 2 | ജോളി പാപ്പച്ചൻ<br>നരിപ്പനയിൽ<br>ഇടമുറി | 42205000003670 | 100000- ചെക്ക് നം-328602/05-01-2019<br>40000- ബിൽ നം-9/28-06-2018<br>120000- ചെക്ക് നം-1208325/14-09-2018<br>160000- ബിൽ നം-18/20-07-2018 | 420000 |
| 3 | പൊടിയമ്മ ജോൺ<br>പാറയ്ക്കൽ<br>കട്ടമീൻചിറ | 67350645602 | 50000- ചെക്ക് നം-328602/05-01-2019<br>60000- ചെക്ക് നം-1208329/03-12-2018<br>100000- ചെക്ക് നം-1208325/14-09-2018<br>60000- ബിൽ നം-21/02-08-2018<br>100000- ബിൽ നം-18/20-07-2018 | 410000 |

| | | | | |
|---|---|---|---|---|
| | | | 40000- ബിൽ നം-16/18-07-2018 | |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം 3 ഗുണഭോക്താക്കൾക്കായി 70000 രൂപ അധികമായി നൽകിയിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം- 23/05-08-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ പാസ്സ്ബുക്ക് ഹാജരാക്കുകയോ ചെയ്തില്ല. അധികമായി നൽകിയിട്ടുള്ള 70000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**2)ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റുകളും ട്രഷറി സ്റ്റേറ്റ്മെന്റുകളും തമ്മിൽ വ്യത്യാസം**

ബ്ലോക്ക് & ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റാന്നി പെരുനാട് സബ്ബ് ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും ചെക്ക് മുഖേന വി.ഇ.ഒ യുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം-799011400004728) ക്രഡിറ്റ് ചെയ്യുകയും അവിടെ നിന്ന് ചെക്ക് മുഖേന നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റുകളും (സാംഖ്യ വെബിൽ നിന്നുള്ളത്) ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തതായ സ്റ്റേറ്റ്മെന്റുകളും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. (ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ട്രഷറിയിൽ നിന്നും ഓഡിറ്റ് നേരിട്ട് ശേഖരിച്ചിരുന്നു.) സാംഖ്യ വെബ്ബിൽ നിന്നുമുള്ള സ്റ്റേറ്റ്മെന്റാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഓഡിറ്റിനും സമർപ്പിച്ചിട്ടുള്ളത്. ആറ് ചെക്കുകളിലായാണ് സബ്ബ് ട്രഷറിയിൽ നിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തത്. ഇതിൽ മൂന്ന് ചെക്കുകളിലാണ് വ്യത്യാസം ഉണ്ടായിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നമ്പരും തീയതിയും | ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിന്റെ വിവരം | ട്രഷറിയിൽ നിന്നും തുക ക്രഡിറ്റ് ചെയ്തതിന്റെ വിവരം |
|---|---|---|---|
| 1 | 1208324/05-09-2018 | അനിയമ്മ എന്നയാളുടെ 7690530000310 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | അനിയമ്മ എന്നയാളുടെ 67287495533 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| 2 | 1208325/14-09-2018 | ദേവമ്മ എന്നയാളുടെ 32456989257 എന്ന അക്കൗണ്ടിലേക്ക് 120000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | ദേവമ്മ എന്നയാളുടെ 12470100098335 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | ജോളി പാപ്പച്ചൻ എന്നയാളുടെ 42205000003670 എന്ന അക്കൗണ്ടിലേക്ക് 120000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | പാപ്പച്ചൻ എന്നയാളുടെ 42205000003670 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | പൊടിയമ്മ എന്നയാളുടെ 67350645602 എന്ന അക്കൗണ്ടിലേക്ക് 120000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | പൊടിയമ്മ എന്നയാളുടെ 67350645602 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | കൊച്ചുമോൾ എന്നയാളുടെ 12470100117242 എന്ന അക്കൗണ്ടിലേക്ക് 120000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | കൊച്ചുമോൾ എന്നയാളുടെ 12470100117242 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | അമ്പിളി എന്നയാളുടെ 67323595200 എന്ന അക്കൗണ്ടിലേക്ക് 120000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | അമ്പിളി എന്നയാളുടെ 67323595200 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | റജിമോൾ എന്നയാളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തിട്ടില്ല | റജിമോൾ എന്നയാളുടെ 37772829479 എന്ന അക്കൗണ്ടിലേക്ക് 100000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| 3 | 1208329/03-12-2018 | പത്മാക്ഷി എന്നയാളുടെ 12470100116517 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | പത്മാക്ഷി എന്നയാളുടെ 12470100116517 എന്ന അക്കൗണ്ടിലേക്ക് 80000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | പൊടിയമ്മ ജോൺ എന്നയാളുടെ 67350645602 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | പൊടിയമ്മ ജോൺ എന്നയാളുടെ 67350645602 എന്ന അക്കൗണ്ടിലേക്ക് 50000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | ഓമന കൃഷ്ണൻകുട്ടി എന്നയാളുടെ 12470100080564 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | ഓമന എന്നയാളുടെ 12470100095505 എന്ന അക്കൗണ്ടിലേക്ക് 70000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | ജോസഫ് എന്നയാളുടെ 67336088783 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | ജോസഫ് എന്നയാളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തിട്ടില്ല. |
| | | പൊന്നമ്മ കൃഷ്ണൻകുട്ടി എന്നയാളുടെ 12470100083279 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | പൊന്നമ്മ എന്നയാളുടെ 12470100080564 എന്ന അക്കൗണ്ടിലേക്ക് 80000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |
| | | ലീന മാത്യു എന്നയാളുടെ 12470100114074 എന്ന അക്കൗണ്ടിലേക്ക് 60000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. | ലീന മാത്യു എന്നയാളുടെ 12470100128694 എന്ന അക്കൗണ്ടിലേക്ക് 80000 രൂപ ക്രഡിറ്റ് ചെയ്തിരിക്കുന്നു. |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം മൂന്നു ബില്ലുകളിലായി 13 ഗുണഭോക്താക്കൾക്ക് നൽകിയ തുക, അക്കൗണ്ട് നം എന്നിവ തമ്മിലാണ് വ്യത്യാസമുണ്ടായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ സ്റ്റേറ്റ്മെന്റിൽ നിന്ന് വ്യതിചലിച്ചാണ് ട്രഷറിയിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്തത്. സെക്രട്ടറിയുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിന്നും മാറുന്ന തുക വി.ഇ.ഒ- യുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും തൊട്ടടുത്ത ദിവസം തന്നെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നു. ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ തമ്മിൽ വ്യത്യാസം വന്നിട്ടുള്ളത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമല്ല. ഇതു മൂലം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക അധികമായി ക്രഡിറ്റ് ചെയ്തോ, യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ തുക നൽകിയിരിക്കുന്നത് എന്നീ വിഷയങ്ങൾ സമഗ്രമായി പരിശോധിക്കേണ്ടതുണ്ട്. ടി വിഷയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) <u>ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല</u>

ലൈഫ് ഭവന പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ (കൈ) നം-34/16/ത.സ്വ.ഭ.വ തീയതി 16-03-2018) വ്യവസ്ഥകൾ പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്.

a) <u>സ്റ്റേജ് റിപ്പോർട്ടിംഗില്ലാതെ തുക നൽകി</u>

ടി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ തയ്യാറാക്കി നൽകുന്ന സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം-4) നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിക്കുകയും പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയും അതിനോടൊപ്പം ഓരോ സ്റ്റേജിന്റെയും ഫോട്ടാ ഫയൽ ചെയ്യേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതുമാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്രകാരം സ്റ്റേജ് റിപ്പോർട്ട് തയ്യാറാക്കുകയോ ഫോട്ടോ എടുത്ത് സൂക്ഷിക്കുകയോ ചെയ്യാതെയാണ് ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്. എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലെ സ്റ്റേജ്

റിപ്പോർട്ടിംഗോ ഫോട്ടോയോ സൂക്ഷിച്ചിട്ടില്ല. 42 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ചെങ്കിലും 5 ഗുണഭോക്താക്കളുടെ മാത്രമാണ് ഭവനനിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ചതിന്റെയെങ്കിലും ഫോട്ടോഗ്രാഫ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

b) <u>അനുവദനീയമായതിലും അധികം ഗഡുക്കളായി തുക നൽകി</u>

മാർഗ്ഗരേഖ പ്രകാരം 4 ഗഡുക്കളായി തുക നൽകുന്നതിനാണ് അനുവാദമുള്ളത്. കരാർ വയ്ക്കുന്ന മുറയ്ക്ക് 10% തുക (40000 രൂപ), ബേസ് മെന്റ് പൂർത്തീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 40% തുക (160000 രൂപ), ലിന്റൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുക (100000 രൂപ), ഭവനനിർമ്മാണം പൂർത്തീകരിക്കുമ്പോൾ 25% തുക (100000 രൂപ) എന്നിങ്ങനെയാണ് 4 ഗഡുക്കളായി തുക നൽകേണ്ടത്. ആയതിൽ നിന്നും വ്യത്യസ്തമായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഭൂരിഭാഗം പേർക്കും തുക നൽകിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക,ഗഡു |
|---|---|---|
| 1 | ദേവമ്മ<br>താന്നിമൂട്ടിൽ<br>അടിച്ചിപ്പുഴ | 40000- 1<br>120000-2<br>100000-3<br>40000- 4<br>20000- 5<br>120000-6 |
| 2 | ജോളി പാപ്പച്ചൻ<br>നരിപ്പനയിൽ<br>ഇടമുറി | 40000- 1<br>100000-2<br>120000- 3<br>160000- 4 |
| 3 | പൊടിയമ്മ ജോൺ<br>പാറയ്ക്കൽ<br>കടുമീൻചിറ | 40000-1<br>50000- 2<br>60000- 3<br>100000-4<br>60000- 5<br>100000-6 |
| 4 | ഏലിയാമ്മ ജോൺ<br>പൂവണ്ണുംമൂട്ടിൽ<br>കുടമുരുട്ടി | 40000-1<br>120000-2<br>160000-3<br>60000-4 |

| | | |
|---|---|---|
| | | 20000-5 |
| 5 | റഷീദ സലിം<br>പുത്തൻ വീട്ടിൽ<br>കുടമുരുട്ടി | 40000-1<br>120000-2<br>40000-3<br>100000-4<br>60000-5<br>40000-6 |
| 6 | സജിനി മുരളി<br>ചരുവിൽ<br>അടിച്ചിപ്പുഴ | 40000-1<br>120000-2<br>120000-3<br>40000-4<br>80000-5 |

c) ഭവന നിർമ്മാണം പൂർണ്ണമായി പൂർത്തീകരിക്കാതെ അവസാന ഗഡു തുക നൽകി

ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ പ്രകാരം അവസാന ഗഡു തുക അനുവദിക്കുമ്പോൾ അടുക്കള, ഡ്രോയിംഗ് കം ഡൈനിംഗ് റൂം, രണ്ട് കിടപ്പുമുറി, സെപ്റ്റിക് ടാങ്ക് ഉള്ള ടോയ് ലറ്റ്, വീടുകളുടെ മുൻ-പിൻ വാതിലുകൾ, പ്ലമ്പിംഗ് (3 പോയിന്റ്), വയറിംഗ് (3 പോയിന്റ്), ഫ്ലോറിംഗ് എന്നിവ പൂർത്തീകരിച്ചിരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പല വീടുകളും ടോയ് ലറ്റ്, പ്ലംബിംഗ്, വയറിംഗ് എന്നിവ പൂർത്തീകരിച്ചതായി കണ്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | എലിയാമ്മ വർഗ്ഗീസ്<br>പൂവണ്ണംമൂട്ടിൽ<br>കടമുരുട്ടി | 400000 |
| 2 | കൊച്ചുമോൻ<br>പുന്നമൂട്ടിൽ<br>ചെമ്പനോലി | 400000 |
| 3 | ഷിജു<br>മുണ്ടിയാംതറ<br>തോമ്പിക്കണ്ടം | 400000 |
| 4 | മോളിക്കുട്ടി | 400000 |

| | | |
|---|---|---|
| | ചരിവുപാറയ്ക്കൽ<br>തോമ്പിക്കണ്ടം | |
| 5 | തങ്കമ്മ<br>എഴുമൺ<br>തോമ്പിക്കണ്ടം | 400000 |

d) <u>ലൈഫ് ഭവന പദ്ധതി രജിസ്റ്റർ കൃത്യമല്ല</u>

ടി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളുടെ പേരും വിലാസവും, വാർഡ് നം, അക്കൗണ്ട് നം, നൽകിയ തുകയുടെ വിവരങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ അപൂർണ്ണമാണ്. നൽകിയ തുക കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ഓരോ ഗുണഭോക്താവിനും നൽകിയ തുക എത്രയെന്ന് അറിയണമെങ്കിൽ അവരുടെ പാസ്സ്ബുക്ക് വാങ്ങി പരിശോധിക്കണം എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ടി പ്രോജക്റ്റ് 2019-20സാമ്പത്തിക വർഷത്തിലും തുടരുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ പാസ്സ്ബുക്ക് പരിശോധിച്ച് വേണം അടുത്ത ഗഡു തുക നൽകേണ്ടത് എന്നുള്ള വിവരം ഓർമ്മിപ്പിക്കുന്നു.

e) <u>പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല</u>

ലൈഫ് ഭവനപദ്ധതിയുടെ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ് മോണിറ്ററിംഗ് ചുമതല. മോണിറ്ററിംഗിന്റെ അഭാവം ഉണ്ടായിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനായി നിലവിൽ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ വീടുകളിന്മേൽ വിശദമായ മോണിറ്ററിംഗ് നടത്തി പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-4 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് - പദ്ധതി നടപ്പിലായില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി 2016-17 സാമ്പത്തിക വർഷത്തിൽ പ്രോജക്റ്റ് നം- SO 127/17 പ്രകാരം 190800 രൂപ (ചെക്ക് നം-170316 തീ 31-03-2017)റാന്നി പെരുനാട് കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിരുന്നു. എന്നാൽ ഓഡിറ്റ് സമയത്തും പദ്ധതി നടപ്പിലായില്ല. കെ.എസ്.ഇ.ബി യുമായി കരാർ ചമയ്ക്കാതെയാണ് തുക അടവാക്കിയത്. ഇത് സംബന്ധിച്ച് അടിയന്തിരമായി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-17/05-08-19)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിൽ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 71667 രൂപയാണ്. ഇത് പ്രകാരം 860000 രൂപയോളം കറന്റ് ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടതായി വരുന്നു. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിന് ഇത് വളരെ വലിയ ബാധ്യതയാണ്. മീറ്ററിംഗിന് തുക അടവാക്കിയിട്ടും പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിക്കാതിരിക്കുന്നത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതോടൊപ്പം വികസന സ്റ്റാന്റിംഗ് കമ്മിറ്റി,ഭരണസമിതി എന്നിവരുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

# 3-5 ബാലസൗഹൃദ അംഗനവാടി- തുക കൈമാറിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 49/19 ബാലസൗഹൃദ അംഗനവാടി |
| അടങ്കൽ | 300000(വികസനഫണ്ട്) |
| ചെലവ് | 300000<br>ബിൽ നം.12/18-19 /27.03.2019 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ബാലസൗഹൃദ അംഗനവാടി പദ്ധതി പ്രകാരം 100,101,107,111 എന്നീ നമ്പരുകളിലുള്ള അംഗനവാടികളിൽ ചിത്രങ്ങളോടുകൂടി പെയിന്റിംഗ് ചെയ്യുന്നതിനും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പഞ്ചായത്ത് കമ്മറ്റിയുടെ 26.02.2019 ൽ നടന്ന അടിയന്തിരയോഗത്തിലെ 1(8) -ാം നമ്പർ തീരുമാനപ്രകാരം ഇതിനായി താഴെപ്പറയുന്നവരെ കൺവീനർ , ചെയർമാൻ എന്നിവരായി തെരഞ്ഞെടുത്തിട്ടുണ്ട്.

| അംഗൻവാടി നമ്പർ | ചെയർമാൻ | കൺവീനർ |
|---|---|---|
| 100 | ശ്രീ മോഹനൻ റ്റി റ്റി | ശ്രീമതി അരുന്ധതി അമ്മാൾ |
| 101 | ശ്രീ മോഹൻരാജ് ജേക്കബ് | ശ്രീമതി റോസമ്മ കെ ഒ |
| 107 | ശ്രീമതി പ്രസന്ന സുരേന്ദ്രൻ | ശ്രീമതി ലീലാമ്മ സി |
| 111 | ശ്രീമതി ലിസി റെജി | ശ്രീമതി ഷൈനി പി ആർ |

ഗുണഭോക്തൃസമിതി വഴി പ്രവൃത്തി നടപ്പാക്കുമ്പോൾ വേണ്ടതായ നടപടിക്രമങ്ങൾ ഒന്നും തന്നെ ടി പ്രവൃത്തിയുടെ നടത്തിപ്പിൽ പാലിച്ചിട്ടില്ല. ഗുണഭോക്തൃസമിതിക്ക് കൺവീനർ അടക്കം 7 നും 15 നും ഇടയിൽ അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുക്കേണ്ടതും പഞ്ചായത്ത് ഭരണസമിതി അംഗത്തെ ഗുണഭോക്തൃസമിതി അംഗമാക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇവിടെ വാർഡ് മെമ്പർമാരെയാണ് ചെയർമാനായി തെരഞ്ഞെടുത്തിരിക്കുന്നത്.

പണിയുടെ നിർവ്വഹണോത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് കൺവീനർ കരാർ ഒപ്പുവയ്ക്കേണ്ടതും പണിക്കുപയോഗിച്ച സാധനസാമഗ്രികളുടെ തരം, വില, തൊഴിലാളികളുടെ എണ്ണം, കൂലി എന്നിവയുൾപ്പെടെ എല്ലാ വരവുചെലവുകണക്കുകളും എഴുതി സൂക്ഷിക്കേണ്ടതുമാണ്.

ചെയർമാൻ, കൺവീനർ ഇവരുടെ പേരിൽ അംഗീകൃതബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് ടി അക്കൗണ്ടിൽക്കൂടി മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളു. ഇപ്രകാരം തുടങ്ങിയിട്ടുള്ള അക്കൗണ്ടിന്റെ പാസ്ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലിൽ പെയിന്റിംഗ് , ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം ഇവയുടെ എം.ബുക്ക്, മസ്റ്റർ റോൾ ,കൺവീനർ കണക്കുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ട്രഷറി ബിൽ പ്രകാരം മേൽപ്പറഞ്ഞ ചെയർമാന്മാർക്കാണ് തുക നൽകിയിരിക്കുന്നത്. കൺവീനർമാർ ടി തുക ചുവർചിത്രങ്ങളും ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റും പണിയുന്നതിനായി 01.03.2019 ൽ ശ്രീ.ജോബി ജോൺ എന്ന പെയിന്റർക്ക് നൽകുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ.ജോബി ജോൺ എന്ന പെയിന്റർ ടി തുകകൾ കൺവീനറുടെ പക്കൽ നിന്ന് കൈപ്പറ്റിയതായി 01.03.2019 തീയതിയിൽ കൈപ്പറ്റ് രസീതും നൽകിയിട്ടുണ്ട്. 27.03.2019 ലാണ് ബിൽ പാസ്സായത് എന്നിരിക്കെ ഇപ്രകാരം മുൻതീയതിയിൽ തുക കൈമാറിയതായും കൈപ്പറ്റിയതായും രേഖ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ലേബർ ചാർജ്,സാധനങ്ങളുടെ വില, വാട്ടർ ചാർജ് & ട്രാൻസ്പോർട്ടേഷൻ എന്നീയിനങ്ങളിൽ ഉള്ള ആകെത്തുകയും പെയിന്റിന്റെ ബില്ലുകളുമാണ് ചെലവുരേഖയായി ഹാജരാക്കിയിരിക്കുന്നത്. ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണത്തിന് ഉപയോഗിച്ച സാധനസാമഗ്രികളുടെ യഥാർത്ഥ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വാലുവേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല. ടി പദ്ധതി പ്രകാരമുള്ള പണികൾ പൂർത്തിയാക്കിയതായി അംഗൻവാടികളിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

107-ാം നമ്പർ അംഗനവാടി (തോമ്പിക്കണ്ടം),111-ാം നമ്പർ അംഗനവാടി (നാറാണംമൂഴി) എന്നീ അംഗനവാടികളിൽ സന്ദർശനം നടത്തിയതിൽ നിന്ന് ഇവിടങ്ങളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മാണം പൂർണ്ണമായിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകുന്നതിനു മുൻപ് മുഴുവൻ തുകയും കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും അപാകതകൾക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.31/05.08.2019) ലഭ്യമാക്കിയ മറുപടിയിൽ ജോയിന്റ് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പും നിർമ്മാണപ്രവൃത്തി ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി ആയതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

യഥാർത്ഥ ബിൽ ഹാജരാക്കിയ79033/- രൂപ ഒഴിച്ചുള്ള ചെലവുതുകയായ 220967/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്.

# 3-6 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം./പേര് | 48/19 വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 300000(വികസനഫണ്ട്) |
| ചെലവ് | 295800<br>ബിൽ നം.8/18-19 245000 /27.12.2018<br>ബിൽ നം.11/18-19 50800 /21.03.2019 |

ടി പദ്ധതിപ്രകാരം 68 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 1994-ലെ കേരളാ

പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ-3എ(സി), ബഹു.ഹൈക്കോടതിയുടെ OP No.18175/1996L- നമ്പർ കേസിന്റെ വിധി, 8.12.14-ലെ 4212/എ.ബി. 1/14/ത.സ്വ.ഭ.വ- നമ്പർ സർക്കുലർ എന്നിവയ്ക്ക് വിരുദ്ധമായാണ് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്.

| പേര് | വാർഡ് നമ്പർ |
|---|---|
| ശ്രീമതി രാജമ്മ.ഇ.പി, ഈട്ടിക്കാലായിൽ | 2 |
| ശ്രീമതി കുഞ്ഞമ്മ , തകിടിയിൽ | 2 |
| ശ്രീമതി തങ്കമ്മ, പുത്തൻപറമ്പിൽ | 3 |
| ശ്രീമതി അന്നമ്മ ലൂക്കോസ്, വട്ടമല | 4 |
| ശ്രീമതി റോസമ്മ , പൊന്നംകുഴി | 5 |
| ശ്രീമതി നാരായണി, പുതുപ്പറമ്പിൽ | 7 |
| ശ്രീമതി ശോശാമ്മ ഫിലിപ്പ്, ഒറ്റക്കല്ലിൽ | 7 |
| ശ്രീമതി കല്യാണി ,കോലിഞ്ചിപതാലിൽ | 8 |
| ശ്രീമതി കുഞ്ഞുമോൾ, പാറയ്ക്കൽ | 12 |
| ശ്രീ പൊടിയൻ, മരങ്ങാട്ട് | 12 |
| ശ്രീമതി കുഞ്ഞമ്മ, വലിയപറമ്പിൽ | 12 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.31/05.08.2019) ടി ഗുണഭോക്താക്കളെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുത്തി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി അപാകത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല

വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ബിൽ പ്രകാരം ഗ്രാമപഞ്ചായത്തിൽ 153 പൊതുടാപ്പുകളാണ് നിലവിലുള്ളത്. ഇത് പ്രകാരം വെള്ളക്കരമിനത്തിൽ ഒരു മാസത്തെ ഡിമാന്റ് തുക 66938 രൂപയാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം ടി ഇനത്തിൽ ഗ്രാമപഞ്ചായത്ത് തുകയൊന്നും അടവാക്കിയില്ല. 1993-ലെ കേരള വാട്ടർ സപ്ലൈ ചട്ടത്തിലെ ചട്ടം 7(7) പ്രകാരം ഇപ്രകാരം തുക അടവാക്കാതിരുന്നാൽ ആകെ ഡിമാന്റ് തുകയുടെ 2% തുക ഫൈനായി അടവാക്കണം. വെള്ളക്കരം മാസം തോറും അടവാക്കാത്ത സാഹചര്യത്തിൽ ഓരോ മാസത്തെയും ഡിമാന്റ് തുകയ്ക്കൊപ്പം ഫൈൻ ഇനത്തിലും വൻ തുക ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടതായി വരുന്നു. 2019 ജൂലൈ മാസം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ബില്ലിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Closing Balance as on 30-06-2019 | 1275101 |
| Fine | 25037 |
| Demand for the month | 66938 |
| Other Charges | 0 |
| Total | 1367076 |

വെള്ളക്കരം യഥാസമയം അടവാക്കാത്തതിനാൽ 25037 രൂപ ഫൈൻ ഇനത്തിൽ അടവാക്കേണ്ടതായിട്ടാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വെള്ളക്കരം അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം- 18/05-08-19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-8 വക്കീൽ ഫീസിനത്തിൽ അധികമായി തുക നൽകി

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18-02-2016-ലെ സ.ഉ (എം.എസ്) നം-36/16/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന് കേസ് ഒന്നിന് നൽകാവുന്ന പരമാവധി വക്കീൽ ഫീസ് 15000 രൂപയാണ്. ടി ഇനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ അനുമതിയോട് കൂടി 50000 രൂപ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം അനുമതി ഇല്ലാതെ 15000 രൂപയിൽ കൂടുതൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിലെ വിവിധ കേസുകളുടെ നടത്തിപ്പിനായി അഡ്വ.കെ ഷാജി , ABC Laws, കൊച്ചി എന്നയാൾക്കാണ് തുക നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കേസ് നം | ചെക്ക് നമ്പരും തീയതിയും | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 29962/18 | 15695 തീ 05-10-18 | 18000 | 3000 |
| 2 | 28056/18 | | 18000 | 3000 |
| 3 | 31466/17 | 15716 തീ 26-10-18 | 18000 | 3000 |
| 4 | 2165/17 | | 18000 | 3000 |
| 5 | 2105/18 | 15744 തീ 15-11-18 | 18000 | 3000 |
| 6 | 2157/18 | | 18000 | 3000 |
| | | | ആകെ | 18000 |

വക്കീൽ ഫീസിനത്തിൽ തുക അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-19/05-05-19) ഓരോ സിറ്റിംഗിലും 3000 രൂപ വീതം അധികമായി നൽകിയിരിക്കുന്നത് പ്രോസസിംഗ് ഫീസ് ഇനത്തിലുള്ള തുകയാണെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഗ്രാമപഞ്ചായത്തുകൾക്ക് വക്കീൽ ഫീസിനത്തിൽ 15000 രൂപ നൽകുന്നതിനാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. പ്രസ്തുത സാഹചര്യത്തിൽ വക്കീൽ ഫീസിനത്തിൽ അധികമായി നൽകിയ 18000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-9 ഗെയിം ഫെസ്റ്റിവൽ പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഗെയിം ഫെസ്റ്റിവൽ (201/19) |
| വകയിരുത്തിയ തുക | 150000- തനത് ഫണ്ട് |
| ചെലവഴിച്ച തുക | 149640 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| | |

| | |
|---|---|
| ചെക്ക് നമ്പരും തീയതിയും | 16046 തീ 28-02-2019 |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപന പരിധിയിലുള്ള യുവജന ക്ലബ്ബുകളെ ഉൾപ്പെടുത്തി വോളിബോൾ, ഫുട്ബാൾ, ക്രിക്കറ്റ് , കബഡി കൂടാതെ പ്രാദേശിക തലത്തിലുള്ള ഏതെങ്കിലും ഒരു ഗെയിം കൂടി ഉൾപ്പെടുത്തി ചാമ്പ്യൻഷിപ്പ് നടത്തുക, ഇതിൽ നിന്നും മികച്ച കളിക്കാരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും പരിശീലന കാലയളവിൽ റിഫ്രഷ്മെന്റ് നൽകുന്നതിന് ഗെയിം ഒന്നിന് 30000 രൂപ ചെലവഴിക്കുകയും ചെയ്യാമെന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നത്. ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ്, ജേഴ്സി, ക്യാഷ് അവാർഡ് എന്നിവ നൽകുന്നതിനും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്.

വോളിബോൾ, ഫുട്ബാൾ, ക്രിക്കറ്റ് , കബഡി, നാടൻ പന്തുകളി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഗെയിം ചാമ്പ്യൻഷിപ്പ് നടത്തുകയും അതിൽ ഒന്നും രണ്ട് ജേതാക്കളായവർക്ക് ട്രോഫികളും കായിക ഉപകരണങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിലെ ചെലവ് ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ഭക്ഷണം | 36000 |
| 2 | മൈക്ക് | 27000 |
| 3 | റഫറി ഫീ | 10000 |
| 4 | സ്റ്റേജ് | 5000 |
| 5 | ഗ്രൗണ്ട് വൃത്തിയാക്കൽ | 4500 |
| 6 | ബാനർ | 850 |
| 7 | സ്പോർട്സ് ഐറ്റംസ് | 14670 |
| 8 | ട്രോഫി & സ്പോർട്സ് കിറ്റ് | 22350 |
| 9 | സ്റ്റേഷനറി | 3270 |
| 10 | നോട്ടീസ് | 2000 |
| 11 | ജേഴ്സി | 24000 |
| | **ആകെ** | **149640** |

ടി പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്ത് തലത്തിൽ ഗെയിം ചാമ്പ്യൻഷിപ്പ് നടത്തി ഓരോ ഇനത്തിലും മികച്ച കളിക്കാരെ കണ്ടെത്തി ഒരു ടീം രൂപീകരിക്കുകയും അവർക്ക് പരിശീലനം നൽകുകയും തുടർന്നുള്ള ചാമ്പ്യൻഷിപ്പുകളിൽ പ്രസ്തുത ടീമിനെ പങ്കെടുപ്പിക്കണമെന്നുമാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരമൊരു ടീമിനെ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടില്ല.

2) ഗ്രാമപഞ്ചായത്ത് തലത്തിൽ ഗെയിം ചാമ്പ്യൻഷിപ്പ് നടത്തുമ്പോഴും പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ടീമുകൾക്കും ലൈറ്റ് റിഫ്രഷ്മെന്റ് നൽകാം എന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളത്.എന്നാൽ മാർഗ്ഗരേഖയിലെ ടി വ്യവസ്ഥ പാലിക്കാതെ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തവർക്ക് ഭക്ഷണം നൽകുകയാണ് ചെയ്തിട്ടുള്ളത്.

3) മൈക്ക്, സ്റ്റേജ്, സ്പോർട്സ് കിറ്റ് വിതരണം എന്നിവയ്ക്ക് മാർഗ്ഗരേഖയിൽ വ്യവസ്ഥയില്ല.

4) പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ടീമിന് ജേഴ്സി വിതരണം നടത്തണമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ആർക്കാണ് വിതരണം നടത്തിയെന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് തലത്തിലുള്ള ടീമംഗങ്ങൾക്കാണ് നൽകിയെന്നാണ് വ്യക്തമാക്കിയത്.എന്നാൽ പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിച്ചതായി രേഖകളില്ല. പ്രസ്തുത സാഹചര്യത്തിൽ ടി മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കുകയോ അവർക്ക് പരിശീലനം നൽകുകയോ ചെയ്യാത്ത സാഹചര്യത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. കൂടാതെ മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം മാർഗ്ഗരേഖയ്ക്കനുസൃതമായിട്ടല്ല ചെലവ് നടന്നിട്ടുള്ളത്. ടി അപാകതകൾക്ക് വ്യക്തമായ വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കേണ്ടതും പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# 3-10 വാഹനവാടക നൽകിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ദേശീയ രോഗ പ്രതിരോധ പ്രവർത്തനങ്ങളും വാഹനവാടകയും (127/19) |
| വകയിരുത്തിയ തുക | 50000 രൂപ- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 38900 രൂപ |
| ബിൽ നമ്പരും തീയതിയും | ബിൽ നം-3/18 തീ 29-06-2018- 5600 രൂപ<br>ബിൽ നം-20/18 തീ 14-01-2019- 17600 രൂപ<br>ബിൽ നം-28/18 തീ 28-03-2019- 6600 രൂപ<br>ബിൽ നം-29/18 തീ 28-03-2019- 9100 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ സ്ഥലങ്ങളിൽ കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിനായി മരുന്നും മറ്റ് ഉപകരണങ്ങളും കൊണ്ട് പോകുന്നതിനായി വാഹന വാടക നൽകുന്നതിന് വേണ്ടിയാണ് 38900 രൂപ ചെലവഴിച്ചിരിക്കുന്നത്. 13ാം പദ്ധതി മാർഗ്ഗരേഖയിലോ (സ.ഉ (കൈ) നം-11/2018/ത.സ്വ.ഭ.വ തീയതി 29-01-2018) സബ്സിഡി മാർഗ്ഗരേഖയിലോ (സ.ഉ (കൈ) നം-22/2018/ത.സ്വ.ഭ.വ തീയതി 14-02-2018) ഇപ്രകാരമുള്ള വാഹന വാടക നൽകുന്നതിന് വികസന ഫണ്ട് ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ഇപ്രകാരം വാഹന വാടകയിനത്തിലുള്ള ചെലവ് തുക എച്ച്.എം.സി ഫണ്ടിൽ നിന്നോ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്. ചെലവ് തുകയായ 38900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല

വിവിധ വാർഡുകളിൽ **ആരോഗ്യ ജാഗ്രത** പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനം നടത്തുന്നതിനായി 65000 രൂപ ചെക്ക് നം -1543 തീയതി 01-06-2018 പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകിയിരുന്നു. ടി തുകയിൽ നിന്നും ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 5000 രൂപ വീതം അതാത് വാർഡുകളുടെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മെഡിക്കൽ ഓഫീസർ നൽകിയിരുന്നു.എന്നാൽ എല്ലാ വാർഡുകളിലും തുക പൂർണ്ണമായും ചെലവഴിച്ചില്ല. ഇത് കൂടാതെ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനം നടത്തുന്നതിനായി ശുചിത്വമിഷൻ വിഹിതമിനത്തിലുള്ള 130000 രൂപ ചെക്ക് നം-15508 തീ 12-06-2018 പ്രകാരം മെഡിക്കൽ ഓഫീസർക്ക് നൽകി. ടി തുകയിൽ നിന്നും ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 10000 രൂപ വീതം അതാത് വാർഡുകളുടെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മെഡിക്കൽ ഓഫീസർ നൽകിയിരുന്നു. പ്രസ്തുത തുകയും പൂർണ്ണമായും ചെലവഴിച്ചില്ല. പ്രസ്തുത തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു. വാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | |
|---|---|---|
| | ശുചിത്വ മിഷൻ വിഹിതം | ആരോഗ്യ കേരളം ഗ്രാന്റ് |
| 1 | 5000 | - |
| 2 | 5000 | |
| 4 | 1000 | |
| 5 | 1000 | 10000 |
| 7 | - | 5000 |
| 8 | - | 1175 |
| 9 | 2815 | 3560 |
| 10 | 5000 | 10000 |
| 11 | 1250 | 1860 |
| 12 | 5000 | 10000 |
| 13 | 2000 | 524 |
| ആകെ | 28065 | 42119 |

ശുചിത്വ മിഷൻ വിഹിതമിനത്തിൽ നൽകിയ 65000 രൂപയിൽ 28065 രൂപയും ആരോഗ്യ കേരളം ഗ്രാന്റിനത്തിൽ നൽകിയ 150000 രൂപയിൽ 42119 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൽകിയ തുകയാണ് ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നത്. പകർച്ച വ്യാധികൾ പടർന്നുപിടിക്കുന്ന മൺസൂൺകാലത്ത് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൽകുന്ന തുക ആരോഗ്യ പ്രവർത്തകർ ചെലവഴിക്കാതിരിക്കുന്നത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-12 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം./ പേര് | 1/19<br>വാഴ കൃഷി വികസനം | 5/19<br>ഇഞ്ചി / മഞ്ഞൾ കൃഷി വികസനം |
| അടങ്കൽ | 1762000(വികസനഫണ്ട്)<br>393000(മറ്റുള്ളവ) | 1056000(വികസനഫണ്ട്) |
| ചെലവ് | 1762000(വികസനഫണ്ട്)<br>393000(മറ്റുള്ളവ) | 1056000(വികസനഫണ്ട്) |

1/19, വാഴ കൃഷി വികസനം പദ്ധതി പ്രകാരം വിത്ത്, വളം എന്നിവ വിതരണം ചെയ്യുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് വികസന ഫണ്ടിൽ നിന്ന് 1762000 രൂപ നൽകിയിട്ടുണ്ട്. 27.12.2018ലെ 6/18-19 (BRN-18051152002300993246 തുക.583000/-) നമ്പർ ട്രഷറി ബില്ലിനോടൊപ്പം ടി സ്ഥാപനത്തിൽ നിന്നുമുള്ള ബിൽ ഹാജരാക്കിയിട്ടില്ല.

5/19, ഇഞ്ചി / മഞ്ഞൾ കൃഷി വികസനം പദ്ധതി പ്രകാരം വിത്ത് വിതരണം ചെയ്യുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് വികസന ഫണ്ടിൽ നിന്ന് 1056000 രൂപ നൽകിയിട്ടുണ്ട്. 27.12.2018ലെ 7/18-19 (BRN-18051152002300993229 തുക.200000/-) നമ്പർ ട്രഷറി ബില്ലിനോടൊപ്പം ടി സ്ഥാപനത്തിൽ നിന്നുമുള്ള ബിൽ ഹാജരാക്കിയിട്ടില്ല.

ടി ബില്ലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.34/07.08.2019) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിൽ നിന്നുമുള്ള മേൽപ്പറഞ്ഞ ബില്ലുകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-13 സ്മാർട്ട് ക്ലാസ്സ് റൂം- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | സർക്കാർ സ്കൂളുകളിൽ ഡിജിറ്റൽ സ്മാർട്ട് ക്ലാസ്സ് റൂം (42/19) |
| വകയിരുത്തിയ തുക | 220000- വികസനഫണ്ട്<br>260000- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>ആകെ-480000 രൂപ |
| ചെലവഴിച്ച തുക | 220000 |

| | |
|---|---|
| | 258980<br>ആകെ- 478980 രൂപ |
| ബിൽ നമ്പരും തീയതിയും | 7/18-19 തീയതി 16-11-2018 - 220000<br>8/18-19 തീയതി 16-11-2018- 258980 |

ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി.എസ് നാറാണംമൂഴി, ഗവ.എൽ.പി.എസ് മാടമൺ, ഗവ.എൽ.പി.എസ് കുടമുരുട്ടി എന്നീ സ്കൂളുകളിലേക്കാണ് സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങിയത്. ലാപ് ടോപ്പ്, പ്രൊജക്ടർ,വൈറ്റ് ബോർഡ്, സ്പീക്കർ,യുപി.എസ് എന്നീ ഉപകരണങ്ങളാണ് വാങ്ങിയത്. ടെണ്ടർ നടപടി പ്രകാരം ആൻട്രികോം സിസ്റ്റംസ് , റാന്നി എന്ന സ്ഥാപനത്തിൽ നിന്നുമാണ് സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയത്. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡി.പി.ഐ യുടെ 30.05.2017-ലെ NEP3/40036/2017നമ്പർ ആയുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണവുമായി ബന്ധപ്പെട്ട് യു.പി.എസ്, ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്ഥാപിക്കേണ്ടിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി Portable Teaching System (3 എണ്ണം) എന്ന ഉപകരണം വാങ്ങി. ടി ഉപകരണത്തിനായി ചെലവിട്ടത് 64916 രൂപയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 64916 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഡി.പി.ഐ യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ( ഓർഡർ നം- NEP3/40036/2017 തീയതി 30-05-2017) യു.എസ്.ബി സ്പീക്കറിന് പരമാവധി ചെലവഴിക്കാവുന്ന തുക 770 രൂപയാണ് (ടാക്സ് ഉൾപ്പെടെ). എന്നാൽ ആയതിന് വിരുദ്ധമായി പ്രസ്തുത ഇനത്തിന് 2751 രൂപ (ടാക്സ് ഉൾപ്പെടെ) ചെലവഴിച്ചു. ഇത് പ്രകാരം മൂന്ന് സ്പീക്കറുകൾക്ക് 8253 രൂപ ചെലവഴിച്ചു. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-21/05-08-2019) ലഭ്യമാക്കിയ മറുപടിയിൽ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള യു.എസ്.ബി സ്പീക്കറിൽ നിന്നുള്ള ശബ്ദം ഡിജിറ്റൽ ക്ലാസ്സ് റൂമുകളിൽ യോജ്യമല്ലാത്തതിനാലാണ് ഉയർന്ന വിലയുള്ള യു.എസ്.ബി സ്പീക്കർ വാങ്ങി ഉപയോഗിച്ചതെന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ സ്മാർട്ട് ക്ലാസ്സ് റൂമിനായി സജ്ജീകരിച്ചിട്ടുള്ളത് കുട്ടികൾ പഠനത്തിനായി ഉപയോഗിക്കുന്ന നിലവിലെ ക്ലാസ്സ് റൂമുകൾ തന്നെയാണ്. സ്മാർട്ട് ക്ലാസ്സ് റൂമിനായി ഒരു ഡിജിറ്റൽ ക്ലാസ്സ് റൂം സംവിധാനം ഒരുക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ടി ഇനത്തിൽ അധികമായി ചെലവിട്ട 5943 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇപ്രകാരമുള്ള തുറന്ന ക്ലാസ്സ് റൂമുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സംവിധാനം എത്രമാത്രം ഫലപ്രദമാകുമെന്ന് അധ്യാപകർ ആലോചിക്കേണ്ടതുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂമിനായി സജ്ജീകരിച്ചിട്ടുള്ള ക്ലാസ്സ് റൂമുകളിൽ നിലവിൽ ക്ലാസ്സുകൾ പ്രവർത്തിക്കുന്നതിനാൽ മറ്റൊരു ക്ലാസ്സിലെ കുട്ടികൾക്ക് ഒരു ഡിജിറ്റൽ പഠനം അനുഭവവേദ്യമാകണമെങ്കിൽ ടി ക്ലാസ്സിലെ കുട്ടികളെ മറ്റൊരിടത്തേക്ക് മാറ്റേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമിനായി മൂന്ന് സ്കൂളുകളിലും ഒരു പ്രത്യേക ക്ലാസ്സ് സജ്ജീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ അധ്യാപകരും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1) <u>കറവപ്പശു വിതരണം (S/O)</u>

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | കറവപ്പശു വിതരണം (151/19) |
| വകയിരുത്തിയ തുക | 500000- വികസന ഫണ്ട്<br>500000- ഗുണഭോക്തൃ വിഹിതം |
| ചെലവഴിച്ച തുക | 425000- വികസന ഫണ്ട്<br>425000- ഗുണഭോക്തൃ വിഹിതം |
| ബിൽ നമ്പരും തീയതിയും | ബിൽ നം-9/19 തീയതി 09-03-2019- 150000<br>ബിൽ നം-11/19 തീയതി 19-03-2019-100000<br>ബിൽ നം-13/19 തീയതി 21-03-2019- 100000<br>ബിൽ നം-17/19 തീയതി 27-03-2019-750000<br>425000 രൂപ – അക്കൗണ്ട് ട്രാൻസ്ഫർ മുഖേന |

17 ഗുണഭോക്താക്കൾക്കാണ് കറവപ്പശുവിനെ വിതരണം ചെയ്തത്. ഇതിൽ 14 കർഷകർ ഗുണഭോക്തൃവിഹിതം നേരിട്ട് പഞ്ചായത്തിൽ അടവാക്കുകയും 3 കർഷകർ ബാങ്ക് ലോൺ മുഖേന ഗുണഭോക്തൃവിഹിതം അക്കൗണ്ട് ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്തത്. കർഷകർ ഗ്രാമപഞ്ചായത്തിന് പുറത്തുള്ള വിവിധ പ്രദേശങ്ങളിൽ നിന്നും കറവപ്പശുവിനെ നേരിട്ട് വാങ്ങുകയും 50000 രൂപ (സബ്സിഡി തുക-25000 രൂപ, ഗുണഭോക്തൃ വിഹിതം-25000 രൂപ) ഉരുവിനെ നൽകിയവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്തത്. ടി പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കർഷകർ നേരിട്ട് ബാങ്കിൽ നിന്നും ലോൺ എടുത്ത് ഉരുവിനെ വാങ്ങി ഇൻഷ്വർ ചെയ്ത ശേഷം മൃഗാശുപത്രിയിൽ അറിയിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി സബ്സിഡി തുക നേരിട്ട് ബാങ്കിൽ ലോൺ അക്കൗണ്ടിലേക്ക് അടയ്ക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. (50% ബാങ്ക് ലോൺ, 50 % സബ്സിഡി) എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിലല്ല നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയത്. കർഷകർ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുകയും സബ്സിഡി ഉൾപ്പെടെ മുഴുവൻ തുകയും വിൽക്കുന്ന ആളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയമാണ് ചെയ്തത്.

2) പർച്ചെയ്സ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം കറവപ്പശുക്കളുടെ വാങ്ങൽ നടത്തേണ്ടതെന്ന് 13-ാം പദ്ധതിക്കായുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കർഷകർ നേരിട്ട് ഉരുക്കളെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

3) 50% തുകയാണ് സബ്സിഡി. കറവപ്പശുക്കളുടെ വിലയായി 50000 രൂപ നിശ്ചയിച്ചുകൊണ്ട് വിലച്ചീട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ടി വില നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡിയായി അനുവദിച്ച തുകയുടെ സുതാര്യത ബോധ്യപ്പെട്ടിട്ടില്ല.

4) ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടില്ല. ആയതിനാൽ ഇവയെ പുതിയതായി വാങ്ങിയതാണെന്ന് ഉറപ്പിക്കാൻ കഴിയുന്നതല്ല.

മുകളിൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിനത്തിൽ സബ്സിഡിയായി അനുവദിച്ച 425000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2) കിടാരി വിതരണം**

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | കിടാരി വിതരണം (121/19) -എസ്.സി |
| വകയിരുത്തിയ തുക | 180000- വികസന ഫണ്ട്<br>60000- ഗുണഭോക്തൃ വിഹിതം |
| ചെലവഴിച്ച തുക | 90000- വികസന ഫണ്ട്<br>30000- ഗുണഭോക്തൃ വിഹിതം |
| ബിൽ നമ്പരും തീയതിയും | ബിൽ നം-15/19 തീയതി 23-03-2019- 90000<br>30000 രൂപ - അക്കൗണ്ട് ട്രാൻസ്ഫർ മുഖേന |

5 ഗുണഭോക്താക്കൾക്കാണ് കിടാരികളെ വിതരണം ചെയ്തത്. കർഷകർ ഗ്രാമപഞ്ചായത്തിന് പുറത്ത് നിന്നും കിടാരികളെ നേരിട്ട് വാങ്ങുകയും 24000 രൂപ (സബ്സിഡി തുക-18000 രൂപ, ഗുണഭോക്തൃ വിഹിതം-6000 രൂപ) കിടാരിയെ നൽകിയവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്തത്. ടി പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 75% തുകയാണ് സബ്സിഡി. കിടാരികളുടെ വിലയായി 24000 രൂപ നിശ്ചയിച്ചുകൊണ്ട് വിലച്ചീട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ടി വില നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡിയായി അനുവദിച്ച തുകയുടെ സുതാര്യത ബോധ്യപ്പെട്ടിട്ടില്ല.

2) കിടാരികളെ ഇൻഷ്വർ ചെയ്തിട്ടില്ല. ആയതിനാൽ ഇവയെ പുതിയതായി വാങ്ങിയതാണെന്ന് ഉറപ്പിക്കാൻ കഴിയുന്നതല്ല.

3) മോണിറ്ററിംഗ് സമിതി റിപ്പോർട്ടില്ല

മുകളിൽ പറഞ്ഞ അപാകതകകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിനത്തിൽ സബ്സിഡിയായി അനുവദിച്ച 90000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ

പ്രോജക്ടുകളിലായി പി.എച്ച്.സി ക്ക് മരുന്ന് വാങ്ങുന്നതിനായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 313849 രൂപയുടെ മരുന്ന് ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ നമ്പരും പേരും | മരുന്നിനായി അടവാക്കിയ തുക | ബിൽ നമ്പരും തീയതിയും | ലഭിച്ച മരുന്നിന്റെ തുക | ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ തുക |
|---|---|---|---|---|---|
| 1 | ജീവിത ശൈലീ രോഗ പ്രവർത്തനം (126/19) | 35500 | 27/18 തീ 28-03-2019 | 0 | 35500 |
| 2 | പി.എച്ച്.സി ക്ക് മരുന്ന് (125/19) | 292896 | 18/18 തീ 07-01-2019 | 240933 | 51963 |
| 3 | പാലിയേറ്റീവ് കെയർ (120/19) | 43990 | 25/19 തീ 28-03-2019 | 0 | 43990 |
| | | 250000 | നം-14/18തീ28-11-18 | 67604 | 182396 |
| | **ആകെ** | **622386** | | **308537** | **313849** |

**313849** രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. ധാരാളം കോളനികൾ ഉൾപ്പെടുന്ന ഒരു പ്രദേശമാണ് നാറാണംമൂഴി. നിരവധി ഉൾപ്രദേശങ്ങൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഒരു പ്രധാന ആശ്രയമാണ് പ്രാഥമിക ആരോഗ്യ കേന്ദ്രം. ടി സ്ഥാപനത്തിൽ മരുന്ന് ഇല്ലാത്ത ഒരവസ്ഥ ആരോഗ്യ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കും എന്ന് വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ മരുന്ന് പൂർണ്ണമായും ലഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-16 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നീ ഇനങ്ങളിലായി 300000 രൂപ വീതം പദ്ധതി രൂപീകരിച്ച് 600000 രൂപ വകയിരുത്തിയ പദ്ധതി (S0047/19) പ്രകാരം 399985 രൂപ (വികസന ഫണ്ട്- 299999 രൂപ, ബ്ലോക്ക് വിഹിതം-99986 രൂപ) ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 7വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 23 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 15795 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 9000 രൂപ വീതവുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ

പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയുടെ സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാവുന്നതാണ്. സംയുക്ത പദ്ധതിയിലൂടെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പരമാവധി സ്കോളർഷിപ്പ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിങ്ങനെയുള്ള വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

# 3-17 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ - കരാറുകാരുടെ ഒത്തുകളിമൂലം ടെണ്ടർ സേവിംഗ്സ് നഷ്ടപ്പെട്ടു.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം കരാറുകാർ മുഖേന ( ഇ ടെണ്ടർ അല്ലാതെ ) നടപ്പാക്കാൻ ഉദ്ദേശിച്ച മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ച ഭൂരിപക്ഷം പ്രവൃത്തികളിലും രണ്ട് പേർ മാത്രം പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിലും ടെണ്ടർ സമർപ്പിക്കുകയും ചെയ്യുന്ന ഒരു രീതി അവലംബിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു. കരാറുകാരുടെ ഇത്തരത്തിലുള്ള ഒത്തുകളിമൂലം ടെണ്ടർ നടപടിയിലെ മത്സര സ്വഭാവം നഷ്ടപ്പെടുകയും ടെണ്ടർ കുറവിലൂടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട സേവിംഗ്സ് നഷ്ടപ്പെടുകയും ചെയ്യുന്നു.

എന്നാൽ തൻവർഷം തന്നെ ഇ - ടെണ്ടർ ക്ഷണിച്ച പ്രവർത്തികൾക്ക് രണ്ടിൽ കൂടുതൽ കരാറുകാർ പങ്കെടുക്കുകയും ടെണ്ടർ സേവിംഗ്സ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം മാന്വൽ ടെണ്ടർ ക്ഷണിച്ച് 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ പ്രവൃത്തികൾക്കും ടെണ്ടർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 മാന്വൽ ടെണ്ടർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| SNV സദനം റബ്ബർ ബോർഡ് റോഡിന് പാർശ്വ ഭിത്തി നിർമ്മാണം(73/19)<br>അടങ്കൽ : 325000 | വി.ബി.വിനു - എസ്റ്റിമേറ്റ് നിരക്ക്<br>കെ.പി.ശശിധരൻ - 5%> എസ്റ്റിമേറ്റ് നിരക്ക് |
| കട്ടിക്കൽ ചെമ്പനോലി റോഡ് കോൺക്രീറ്റ്(77/19)<br>അടങ്കൽ : 165000 | വി.ബി.വിനു - 2%>എസ്റ്റിമേറ്റ് നിരക്ക്<br>കെ.പി.ശശിധരൻ - എസ്റ്റിമേറ്റ് നിരക്ക് |
| ആയുർവ്വേദപ്പടി വിക്രമൻ പടി റോഡ് സംരക്ഷണഭിത്തി(100/19)<br>അടങ്കൽ : 200000 | ജി.സലീം- എസ്റ്റിമേറ്റ് നിരക്ക്<br>പ്രസാദ്.കെ.എൻ - 8%>എസ്റ്റിമേറ്റ് നിരക്ക് |

2018-19 സ്പിൽ ഓവർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| കൃഷിഭവൻ മെയിന്റനൻസ്(202/18, 141/19)<br><br>അടങ്കൽ : 419950 | വി.ബി.വിനു - 7.9% <എസ്റ്റിമേറ്റ് നിരക്ക്<br><br>പി.എ.ഫിലിപ്പ് - 15% <എസ്റ്റിമേറ്റ് നിരക്ക്<br><br>ജമ്പുകുര്യൻ – 3% <എസ്റ്റിമേറ്റ് നിരക്ക് |
| കുടമുരുട്ടി എൽ.പി.സ്കൂളിന് കിച്ചൻ നിർമ്മാണം(183/18, 175/19)<br><br>അടങ്കൽ : 250000 | കെ.വി.എബ്രഹാം-13.99%<എസ്റ്റിമേറ്റ് നിരക്ക്<br><br>കെ.എൽ.ഗോപി - 11% <എസ്റ്റിമേറ്റ് നിരക്ക്<br><br>മനോജ് ജോസഫ് - 12.11%<എസ്റ്റിമേറ്റ് നിരക്ക് |

ഇ- ടെണ്ടർ

| പ്രവൃത്തിയുടെ പേര്, അടങ്കൽ തുക | ലഭിച്ച ടെണ്ടറിന്റെ വിവരം |
|---|---|
| സ്റ്റോർ റൂം പടി കുരുവിലോടിപ്പടി റോഡ് കോൺക്രീറ്റിംഗ്(199/19)<br><br>അടങ്കൽ : 500000 | റോണിജോസഫ് - 398821.97<br><br>പി.എ.ഫിലിപ്പ് - 442871<br><br>പി.വി.സോമശേഖരൻ നായർ - 474523.03 |

ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പരിശോധിച്ചതിൽ 2017-18 വർഷത്തെ അപേക്ഷിച്ച് 2018-19 ലെ മാന്വൽ ടെണ്ടറിൽ കരാറുകാരുടെ ഒത്തുകളി പ്രകടമാണെന്ന് വ്യക്തമായിട്ടുണ്ട്. ഇ ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾക്ക് ടെണ്ടർ സേവിംഗ്സ് ഉണ്ടാകുന്നുമുണ്ട്. 05-10-2015 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ.(പി)524/2015/ധനം/17-11-18 പ്രകാരം എസ്റ്റിമേറ്റ് തുക അഞ്ച് ലക്ഷം രൂപയും അതിന് മുകളിലുമുള്ള എല്ലാ പ്രവൃത്തികളും ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. 5 ലക്ഷത്തിൽ താഴെ 50000 രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളും ഭരണസമിതി തീരുമാനം കൈക്കൊണ്ട് ഇ - ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ലഭിക്കുന്ന തുക മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ കഴിയുമായിരുന്നു. എല്ലാ പ്രവൃത്തികളും ഇ - ടെണ്ടറിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണ സമിതി തീരുമാനം കൈക്കൊള്ളേണ്ടതാണ്.ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും വേണ്ട നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്.

# 3-18 റീടാറിംഗ് പ്രവൃത്തിയുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തില്ല - വകയിരുത്തിയ

# ഫണ്ടിന് നഷ്ടം

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്തിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് ഡാറ്റ തയ്യാറാക്കിയിട്ടുള്ളതിൽ പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയ സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്യണമായിരുന്നു. ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238/- രൂപ നിരക്കിലും ജി.എസ്.ടി 12% നിരക്കിലും കണക്കാക്കി കുറവ് ചെയ്തിട്ട് വേണമായിരുന്നു കരാറുകാരന് അർഹതപ്പെട്ട തുക കണക്കാക്കേണ്ടിയിരുന്നത്. ബാരൽ വില കുറവ് ചെയ്യാഞ്ഞതു മൂലം ഫണ്ടിനുണ്ടായനഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന | |
|---|---|---|---|---|
| | | | ബാരൽ വില @238/E | ജി.എസ്.ടി 12% |
| 1. | മടന്തമൺ ക്നാനായ പള്ളിപ്പടി ചെമ്പനോലി കുരിശുപള്ളിപ്പടി റോഡ് മെയിന്റനൻസ് (107/19)<br>കരാറുകാരൻ : പി.എ.ഫിലിപ്പ്<br>ഫൈനൽ ബിൽ തുക : 399918<br>ബിൽ നം./ തീയതി : 43/18-19/19-03-19 | 20 | 4760 | 571 |

ടി നഷ്ടം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/03-08-19) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല . ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താത്ത പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നും ആയത് ഈടാക്കി ബാരൽ വില ബന്ധപ്പെട്ട ഫണ്ടിലേക്കും ജി.എസ്.ടി വാണിജ്യ നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

# 3-19 സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക്

# വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗ്, കലുങ്ക് പോലെയുള്ള ആസ്തികളുടെ നിർമ്മാണം എന്നിവയ്ക്ക് പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി പ്രത്യേകമായി നിർദ്ദേശം സമർപ്പിക്കേണ്ടതായുണ്ട്. എന്നാൽ അപ്രകാരമുള്ള നടപടി പാലിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | ബിൽ നം./ തീയതി |
|---|---|---|---|---|
| | | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
| 1. | ചപ്പാത്ത് വലിയ പതാൽ റോഡ് കോൺക്രീറ്റിംഗ് (79/19) | 200000 | 199260 | 47/18-19/ 22-01-19 |
| 2. | കട്ടിക്കൽ ചെമ്പനോലി റോഡ് കോൺക്രീറ്റിംഗ് (77/19) | 165000 | 164532 | 38/18-19/ 21-12-18 |
| 3. | കരിങ്കുറ്റിപ്പടി ഇലവുങ്കൽ പടി റോഡ് കോൺക്രീറ്റിംഗ് (203/19) | 175000 | 174226 | 37/18-19/ 21-12-18 |
| 4. | കൊട്ടടികുന്നേൽ ആനശാരി കല്ലുങ്കൽ ആറാട്ട്മൺ റോഡ് കോൺക്രീറ്റിംഗ് (56/19) | 100000 | 100000 | 40/18-19/ 21-12-18 |
| 5. | ചണ്ണ പതാക്ക് റോഡ് കോൺക്രീറ്റിംഗ് (67/19) | 200000 | 199253 | 35/18-19/ 13-12-18 |

| | | | | |
|---|---|---|---|---|
| 6. | കപ്പക്കൽ പടി റബ്ബർ ബോർഡ് റോഡ് കോൺക്രീറ്റിംഗ് (72/19) | 175000 | 174551 | 34/18-19/ 13-12-18 |
| 7. | ഉന്നത്താനി സ്വാമിപ്പടി റോഡ് കോൺക്രീറ്റിംഗ് (76/19) | 200000 | 199485 | 25/18-19/ 22-11-18 |
| 8. | ചണ്ണ ചണ്ണൽത്തടം റോഡിൽ പുത്തൻപറമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ് (54/19) | 200000 | 199253 | 31/18-19/ 13-12-18 |
| 9. | കുറുന്തോട്ടിക്കൽ കൊച്ചുകുളത്തിൽ വാഴയിൽപ്പടി റോഡ് കോൺക്രീറ്റിംഗ് (66/19) | 200000 | 199239 | 29/18-19/ 06-12-18 |
| | ആകെ | | 1609799 | |

സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 1609799/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/05-08-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 1609799/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 എസ്.എസ്.എ- വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | എസ്.എസ്.എ വിഹിതം അടവാക്കൽ (5/18-19) |
| വകയിരുത്തിയ തുക | 660000- വികസന ഫണ്ട് |
| ചെലവഴിച്ച തുക | 660000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം-2 തീയതി 14-06-2018 |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് ,നാറാണംമൂഴി |

എസ്.എസ്.എ പദ്ധതി നിർവ്വഹണത്തിനായി 660000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ 14-06-2018-ൽ എസ്.എസ്.എ കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം- 198210105940) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകി. എന്നാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് രേഖകൾ, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. പ്രസ്തുത രേഖകൾ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-21 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികൾക്ക് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 22 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 13 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 18 |
| ചുറ്റുമതിൽ ഉള്ളവ | 3 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 14 |
| കുടിവെള്ളം ലഭ്യമായവ | 17 |

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

# 3-22 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2018-19 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 59പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ 138491/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും തൻ വർഷത്തെ നിർമ്മാണത്തൊഴിലാളി ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 138491/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിക്കേണ്ടതും ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 3-23 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്യയർമെന്റ് സംബന്ധിച്ച നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം പ്രവൃത്തികളുടെ കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ

സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. മുൻ റിപ്പോർട്ടിൽ ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനത്തിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-24 ആശ്രയപദ്ധതി

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ഘട്ടത്തിലുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 99 ഉം രണ്ടാം ഘട്ടത്തിൽ 64ഉം ഗുണഭോക്താക്കൾ ഉണ്ട്. 2018-19 വർഷം ഭക്ഷണ കിറ്റ് വിതരണത്തിനായി 120518 രൂപയും ഭവനപുനരുദ്ധാരണത്തിനായി 15000 രൂപയും ഉൾപ്പെടെ 135518രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

ആശ്രയ മാർഗ്ഗരേഖ പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. വീട് വയ്ക്കാൻ സ്ഥലം, വീട്, വീട് പുനരുദ്ധാരണം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾക്കുള്ള ഫണ്ടാണ് സ്ഥാപനങ്ങൾ വഹിക്കേണ്ടത്. ജനറൽ, എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങൾക്കായി മേൽ ആവശ്യങ്ങൾക്ക് വിഭാവനം ചെയ്യുന്ന പ്രോജക്ടിലെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ടു തന്നെ പ്രോജക്ട് ആരംഭിച്ച് ആദ്യ വർഷങ്ങളിൽതന്നെ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് പ്രത്യേക പ്രോജക്ട് വിഭാവനം ചെയ്ത് ഫണ്ട് വകയിരുത്തുന്ന രീതിയാണ് പഞ്ചായത്ത് ചെയ്തുവരുന്നത്. ആയതിനാൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ ആവശ്യങ്ങൾ പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. നിലവിൽ അഗതിരഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും ഗുണഭോക്തൃസർവ്വെ പൂർത്തീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | സുഫലം-കിഴങ്ങു വർഗ്ഗ കൃഷി-എസ്.സി.പി | 500000/- | 0 |
| ജില്ലാ പഞ്ചായത്ത് | 3513670 | ലൈഫ്- ജനറൽ | 3504472 | 9198 |
| ജില്ലാ പഞ്ചായത്ത് | 608000 | ലൈഫ്- എസ്.റ്റി | 330000 | 278000 |
| ജില്ലാ പഞ്ചായത്ത് | 242667 | ലൈഫ്- എസ്.സി | 0 | 242667 |
| ബ്ലോക്ക് പഞ്ചായത്ത് | 2735528 | ലൈഫ്- ജനറൽ | 2735528 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 510333 | ലൈഫ്- എസ്.റ്റി | 220000 | 290333 |
| ബ്ലോക്ക് പഞ്ചായത്ത് | 220925 | ലൈഫ്- എസ്.സി | 0 | 220925 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | അങ്കണവാടി -പോഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഭിന്നശേഷി- സ്കോളർഷിപ്പ് | 99986 | 14 |
| ബ്ലോക്ക് പഞ്ചായത്ത് | 614900 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 614900 | |

| | | | | |
|---|---|---|---|---|
| | | | | 0 |

# 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കരികുളം എസ്.സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (65/19) | 200000 | 0 | 200000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (22/19) | 1078048 | 0 | 1078048 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | 12870000 | 12870000 | - | - | 12870000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| | | ഇല്ല | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 92545360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76325997 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 113000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4098376 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 25000 | ശ്രീ അനു അജയൻ വി.ഇ.ഒ |
| 3-3(1) | | 70000 | ശ്രീ അനു അജയൻ വി.ഇ.ഒ |
| 3-8 | | 18000 | ശ്രീ കുമാരസ്വാമി.എൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| | ആകെ | 113000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 1642851 | ശ്രീമതി അമ്മിണിക്കുട്ടി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 220967 | ശ്രീമതി സന്ധ്യ.റ്റി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | 38900 | ഡോ ശ്രീരാജ്- 5600 രൂപ<br>ഡോ മഹിമ-33300 രൂപ<br>മെഡിക്കൽഓഫീസർ, പി.എച്ച്.സി |
| 3-13(1) | 64916 | ശ്രീ ബിജുമോൻ.സി.കെ<br>ഹെഡ് മാസ്റ്റർ,ഗവ.എൽ.പി.എസ്<br>നാറാണംമൂഴി |
| 3-13(2) | 5943 | ശ്രീ ബിജുമോൻ.സി.കെ<br>ഹെഡ് മാസ്റ്റർ,ഗവ.എൽ.പി.എസ്<br>നാറാണംമൂഴി |
| 3-14(1) | 425000 | ഡോ മോഹൻ തോമസ്<br>വെറ്റിറിനറി സർജൻ |
| 3-14(2) | 90000 | ഡോ മോഹൻ തോമസ്<br>വെറ്റിറിനറി സർജൻ |
| 3-19 | 1609799 | ശ്രീമതി ഉഷ.സി<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **4098376** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കുമാരസ്വാമി.എൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 31-03-2019-ൽ സേവനത്തിൽ നിന്നും വിരമിച്ചു | അരിപ്പാട്ട് ഹൗസ് മാരാമൺ.പി.ഒ |
| ശ്രീ അനു | ജനറൽ എക്സ്റ്റൻഷൻ | അദ്വൈതം |

| | | |
|---|---|---|
| അജയൻ | ഓഫീസർ | മൈലപ്ര.പി.ഒ |
| വി.ഇ.ഒ | വണ്ടൂർ ബ്ലോക്ക് ഓഫീസ് | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീ.30.6.06 | 2,ഖ2-7,2-9 |
| 2001-02 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318/04 തീ.15.10.04 | 1,ഖ.10(2) |
| 2001-02 വരവ് | നം.എൽ.എഫ്.പി.റ്റി.എ.പി8/135/12, തീ. 03.03.12 | 3,ഖ.2-7,2-8,2-9 |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136/12 തീ.3.3.12 | 1,ഖ.2-4 |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208/07 തീ.14.3.07 | 23,ഖ.2-7,2-12,2-13, 2-15(1)മുതൽ 2-15(19) വരെ |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773/08 തീ.6.10.09 | 8,ഖ.2-3,3-1മുതൽ 3-5 വരെ, 3-8(3),3-10 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774/08 തീ.6.10.09 | 11,ഖ2-3,2-3(6),2-5(എ),2-5(ബി), 3-2,3-3,3-5,3-7,3-9,3-10,3-11 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/1103/11 തീ.5.1.12 | 7,ഖ3-1,3-2,3-3,3-5,3-7 |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.8/1104/11 തീ.5.1.12 | 9,ഖ2-1,2-2,3-1.3-2, 3-3,3-5,3-6,3-8 |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1105/11 തീ.2.1.12 | 2,ഖ3-3,3-4 |
| 2008-09 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1106/11 തീ.2.1.12 | 8,ഖ2-1,3-2,3-3,3-5, 3-7,3-9,3-10,3-11 |
| 2009-10 to 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-966/13 തീ.12.2.14/18.03.2014 | 17,ഖ2-2,2-4,3-1,3-3, 3-4,3-7,3-9, 3-10,3-15,3-16,3-17, 3-18,3-19, 3-21,3-22,3-24,3-25 |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ. പി.6-158/15 തീ.13.3.15 | 6,ഖ3-6 മുതൽ 3-12 വരെ |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 | 15,ഖ2-1, |

| | | |
|---|---|---|
| | തീ.16.01.2016 | 3-2മുതൽ 3-10 വരെ,<br>3-18 മുതൽ 3-21 വരെ,<br>3-24 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280/2016, തീ. 05.12.2016 | 6,ഖ2-1,2-4,2-5, 3-5,3-6,3-7 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1180/2017, തീ.28.10.2017 | 39, 1-3, 1-5,<br>2-2 മുതൽ 2-6 വരെ,<br>3-2 മുതൽ 3-4 വരെ ,<br>3-6 മുതൽ 3-22 വരെ ,<br>3-24 മുതൽ 3-27 വരെ,<br>3-29, 3-31, 3-32, 3-33, 3-35, 3-36 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി6/131/19 തീ 12-03-2019 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

**അനുബന്ധം-1**

നം.കെ.എസ്.എ.പി.റ്റി.എ.പി6/716/19 തീയതി :06.09.2019

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **നാറാണംമൂഴി ഗ്രാമ പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ **ഖണ്ഡിക 1-11**-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

No.K.S.A.PTA.P6/716/19 Dated : 06.09.19

**CERTIFICATE**

Certified that I have examined the Annual Financial Statement of **Naranammoozhy Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Naranammoozhy Gramma Panchayat** for the year 2018-19 except the obeservations in **Para 1-11** of my report properly presents the picture of income and expenditure.

**Deputy Director**

Kerala State Audit Department

Pathanamthitta